
# ലിറ്റിൽ മാസിക

ലക്കം
139

2012ജൂൺ






## ജപ്പാനിൽ നിന്ന് നമുക്ക് പാഠം പഠിക്കാം.

കവലകളിലെ ചെറുപ്പക്കാർ

സ്മാരകങ്ങൾ മാരകങ്ങളോ

പുതിയ ബുദ്ധൻമാർ



copyleft

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334
139
Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

***Editorial***
*Biju John*
*Abdullakkutty Edavanna*
*Jayaprakash Nilambur*
*Chandrababu Trikkalangodu*
*Satheesh Chalippadam*
*P M John*
*Harris Nenmeni*
*Cover Painting*
*Dr.T Rahiman*
*Typing*
*Jaseela*
*Lay out*
Lima Creative

*1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.*

*സക്രിയത, പ്രാർത്ഥന, പ്രകൃതി, ആസ്വാദനം, സഹജീവനം, ധ്യാനം, സ്വാഭാവിക പുഞ്ചിരി, കാരുണ്യം, ഭക്ഷണം, കൂട്, ഉറക്കം, വിശ്രമം, സാധാരണത്തം, ജാഗ്രത, സുഷ്മത, കവിത, ലാളിത്യം, സൗഹൃദം, ...ഇതെല്ലാമുള്ള ഒരു ജീവിതം, ലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ പത്രം.*

*ഏത് കാര്യത്തെയും പർവ്വതീകരിച്ച് സങ്കീർണ്ണമാക്കാൻ ഏത് വിഡ്ഢിക്കും കഴിയും. എന്നാൽ ചെറിയ കാര്യങ്ങൾ ചെയ്യാനാവട്ടെ കുറെ ധീരതയും പ്രതിഭയും വേണം.*

*–ഇ.എഫ്. ഷൂമാക്കർ*



# നിധി

**ബോബി ജോസ് കട്ടിക്കാട്**

ഒരു ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു. മധുരമായി പാടിയ ഒരു ചെറിയ മകൾ. അവളെ കൂട്ടിക്കൊണ്ടു പോകുവാൻ അച്ഛനും അമ്മയും വന്നപ്പോൾ ഇതാരുടെ പാട്ടാണ് മകൾക്ക് കിട്ടിയതെന്ന് കുശലം ചോദിച്ചു. എന്തായാലും ഞങ്ങൾ രണ്ടുപേരുടേതുമല്ല. എന്നാൽ കുടുംബത്തിൽ ഒരാൾ പാടുമായിരുന്നു. എന്റെ അച്ഛൻ. അന്നത് പാട്ടായിട്ട് ആരും ഗണിച്ചിരുന്നില്ല. നീറ്റുകക്ക വാരുകയായിരുന്നു അച്ഛന്റെ തൊഴിൽ. കക്ക വാരി മുങ്ങിനിവരുമ്പോൾ തണുപ്പകറ്റാൻ കായൽപ്പരപ്പ് കമ്പനം കൊള്ളുമാറ് അയാൾ ഉറക്കെ പാടുമായിരുന്നു. രാത്രിയിൽ തെല്ല് മിനുങ്ങുന്ന ശീലമുണ്ട്. നാട്ടുവഴികളിലൂടെ വീട്ടിലേക്ക് മടങ്ങുമ്പോൾ അപ്പോഴും അയാൾ അതുതന്നെ ചെയ്യും- ഉറക്കെ പാടുക. കഞ്ഞി വിളമ്പുമ്പോൾ അമ്മ അയാളോട് കെഞ്ചും. നിങ്ങൾ കുടിക്കുകയോ കുടിക്കാതിരിക്കുകയോ ചെയ്യുക. എന്തിനാണ് ഇങ്ങനെ പാട്ടുപാടി എന്നെയും മക്കളെയും മറ്റുള്ളവരുടെ മുമ്പിൽ അപഹാസ്യരാക്കുന്നത്. പെട്ടെന്ന് അയാളുടെ തൊണ്ടയിടറി. അച്ഛനാണ് മോളുടെ തൊണ്ടയിലിരുന്ന് പാടുന്നത്. കൂലിപ്പണിക്കാരനായ രാമകൃഷ്ണൻ എന്തായാലും കസാൻ സാക്കിസിന്റെ സെന്റ് ഫ്രാൻസിസ് വായിച്ചിട്ടുണ്ടാവില്ല. പുറത്തു കിളി പാടുമ്പോൾ എങ്ങനെയാണ് ഈ കിളിമൊഴികൾക്ക് ഈ മധുരമെന്ന് ആരാഞ്ഞ ലിയോയോട് ഫ്രാൻസിസ് പറഞ്ഞതുപോലെ അത് ദൈവം കിളിയുടെ തൊണ്ടയിലിരുന്ന് പാടുന്നതാണ്. രാമകൃഷ്ണൻ ഇപ്പോൾ സാക്കിസിന് സമശീർഷൻ-അല്ലെങ്കിൽ കുറച്ചുമീതെ!!

ശബ്ദം

# ചെറിയ വീടും വലിയ വീടും

**കബീർ ഹാബിറ്റാറ്റ്**

കെട്ടിട നിർമ്മാതാവ് എന്ന നിലയിൽ ഒരുപാട് വീടുകൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ ചെറിയ വീടുകളുമുണ്ട്. വലിയ വീടുകളുമുണ്ട്. പണിത വീടുകൾ കുറേ കാലത്തിനുശേഷം സന്ദർശിക്കുമ്പോൾ, വലിയ വീടുകൾ അകത്തോട്ട് ക്ഷണിക്കാതെ നമ്മെ ഉൾക്കൊള്ളാതെ ചവിട്ടിപ്പുറത്താക്കുന്നതായിത്തോന്നും. എന്നാൽ ചെറിയ വീടുകൾ നമ്മെ കാണുമ്പോൾ തന്നെ അകത്തോട്ട് ക്ഷണിക്കുന്നതുപോലെ തോന്നും.

## അതിഥി കവിത/കെ.എ. ജയശീലൻ



*സമർത്ഥമായത് മാത്രം പറയാൻ ശ്രമിക്കുന്നവന്റെ സംഭാഷണം/ബ്ലേഡുപോലെ നേർത്തതായിപ്പോകുന്നത് ഞാൻ സൂക്ഷിച്ചിട്ടുണ്ട്./ ഗൗരവമുള്ളതുമാത്രം സംസാരിക്കുന്നവന്റെ സംഭാഷണം വെറും പ്രൗഢതയായി അധഃപതിക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്./ കൊച്ചുകുട്ടിയുടെ അടിവയറ്റിൽ ഉമ്മവെച്ച് 'നിന്റെ ചുക്കിരി'യെന്ന് പറയുന്ന അമ്മൂമ്മയെപ്പറ്റി നമുക്ക് പറയാൻ കഴിയണം./ കാരണം സാരമുള്ളതും സാരമില്ലാത്തതും ഈശ്വരന്റെ അങ്കണത്തിൽ ഉണക്കാനിട്ട ചണനാരുപോലെ പരത്തിവച്ചിരിക്കുന്നു. (1971)*

### ചക്കപ്പഴം അരിഷ്ടം

വരിക്ക ചക്കയോ, പഴം ചക്കയോ കുരുവോടുകൂടി ശർക്കരയും ചേർത്ത് ഭരണിയിൽ വെക്കുക. ചക്കപ്പഴത്തിന്റെ അളവിൽ പകുതി ശർക്കര ചേർത്താൽ മതി, വേണമെങ്കിൽ ഏലക്ക, ഗ്രാമ്പൂ, കറുവപ്പട്ട എന്നിവയും ചേർത്ത് 41 ദിവസം അടച്ചുവെക്കുക. 41 ദിവസത്തിനുശേഷം അരിച്ചെടുത്ത് ഈ ദ്രാവകത്തിന്റെ പത്തിൽ ഒന്ന് തേൻ ഒഴിക്കുക. (ഒരു ലിറ്റർ അരിഷ്ടത്തിന് 100 മില്ലി തേൻ) ക്ഷയരോഗം പെട്ടെന്നു കുറയാൻ അലോപ്പതി മരുന്നിന്റെ കൂടെ ചക്ക അരിഷ്ടം ഉപയോഗിക്കാം.

# മിന്നാമിനുങ്ങുകൾ

**ടി.വി. അച്യുത വാര്യർ**

എല്ലാ മനുഷ്യരിലും അന്തർലീനമായിരിക്കുന്ന നന്മയുടെ കണിക ചില പ്രത്യേക സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും പ്രകാശിക്കുന്നു. എഴുതപ്പെടുന്ന ചരിത്രങ്ങളിൽ സാധാരണ മനുഷ്യന്റെ ഇത്തരം പ്രകാശബിന്ദുക്കൾ അപ്രകാശിതങ്ങളാണ്. സുശീലയുടെ അപകട മരണമേ വാർത്തയാകുന്നുള്ളൂ. സുശീലയുടെ സ്വാഭാവികമായ മരണം വാർത്തയാകുന്നില്ല. അറിയപ്പെടുന്ന ചരിത്രത്തിലും ഏതാണ്ടിങ്ങനെയൊക്കെ തന്നെയാണ്.

സാമൂഹ്യ പശ്ചാത്തലങ്ങളിൽ സൂക്ഷ്മമായി പ്രതികരിക്കുവാൻ കഴിവുള്ള മനസ്സുകൾ ഉള്ളിലൊളിഞ്ഞിരിക്കുന്ന ശക്തിവിശേഷത്തെ ചില നിമിഷങ്ങളിൽ കണ്ടറിയുകയും ചരിത്രത്തിൽ വഴികാട്ടികളായി തീരുകയും ചെയ്യുന്നു. ബുദ്ധന്റെയും ക്രിസ്തുവിന്റെയും ഗാന്ധിയുടെയും ജീവിതങ്ങളിൽ ഇത്തരം സന്ദർഭങ്ങൾ കാണാൻ കഴിയും. എഴുതപ്പെടാത്ത ചരിത്രത്തിന്റെ അതിർത്തികൾക്കും അപ്പുറത്ത് ജീവിച്ചു മരിക്കുന്ന മനുഷ്യരും നന്മ-തിന്മകളുടെ സങ്കലനമാണ്. നന്മയും തിന്മയും തമ്മിലുള്ള സംഘർഷം അനാദികാലം മുതൽ തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. നന്മയെന്നും മുകളിൽ തന്നെ ഉണ്ടാവും എന്ന പ്രതീക്ഷ തന്നെയാണ് മനുഷ്യന്റെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്. പ്രതീക്ഷയില്ലെങ്കിൽ ജീവിതത്തിൽ ബാക്കിയെന്തെങ്കിലും കാണുമോ?

ഇന്നത്തെ ജീർണവും കലുഷവുമായ അവസ്ഥയെ ആസുരശക്തികളുടെ എന്നത്തേക്കാളുമുള്ള മേധാവിത്വത്തിന്റെ കാലമായി കാണുന്നത് ശരിയല്ല. തിന്മകൾ ഇന്നത്തേക്കാളും പതിന്മടങ്ങ് ഇന്നലേയും ഉണ്ടായിരുന്നു. ഇന്നലെയത് പ്രകടമാക്കാനുള്ള വേദികൾ കുറവായിരുന്നു. ഇന്നാകട്ടെ തിന്മകൾക്ക് വ്യാപരിക്കാനുള്ള മേഖലകൾ നിരവധിയാണ്. പത്രങ്ങളും ടെലിവിഷനും റേഡിയോയുമെല്ലാം തിന്മകൾ തിണർത്താടുവാനുള്ള കളങ്ങളാണ്. എന്നാൽ ഇതേ ശ്വാസത്തിൽ മറ്റൊന്നുകൂടി അറിയണം. ഇന്നലെ ഒരു ബുദ്ധനോ ക്രിസ്തുവോ ഗാന്ധിയോ ഉണ്ടായിരുന്നുള്ളൂ. ഇന്നോ സത്യത്തിന്റെ ചെറുശബ്ദങ്ങൾ അനവധിയുണ്ട്. നുണകളുടെ പ്രളയം കണ്ട് നാം സത്യത്തിന്റെ മുഖങ്ങൾ എങ്ങുമില്ല എന്ന് വ്യാകുലപ്പെടുന്നുവെന്നു മാത്രം. നിരാശപ്പെടേണ്ടതായി ഒന്നുമില്ല. സത്യത്തിന്റെ മിന്നാമിനുങ്ങുകൾ നമുക്കു ചുറ്റും ധാരാളമുണ്ട്.

***ടി.വി. അച്യുത വാര്യരുമായി കെ.അരവിന്ദാക്ഷൻ 25 കൊല്ലം മുമ്പ് നടത്തിയ സംഭാഷണത്തിൽ നിന്ന്..(പാഠഭേദം )***

## മൊഴിയാഴങ്ങൾ




**ഷൗക്കത്ത്**

### ജീവിച്ചു മരിക്കാൻ ജീവിച്ചിരിക്കുമ്പോഴേ മരിക്കണം

മരിച്ചു ജീവിക്കുന്നവരാണ് നമ്മിലധികവും. മരിക്കുന്നതിനുമുമ്പേ മരിക്കുക എന്ന് മുഹമ്മദ് നബി പറയുന്നു. ആഗ്രഹങ്ങൾക്കുമുകളിൽ ആഗ്രഹങ്ങൾ കുത്തിനിറച്ച് ജീവിതത്തെ നരകതുല്യമാക്കുന്നവരാണു നാം. ജീവിക്കാനായുള്ള ആർജ്ജിക്കൽ മാത്രമാണ് നമുക്കു ജീവിതം. അവിടെ മരണമേയുള്ളൂ. ജീവിതമില്ല. അവശ്യം വേണ്ടത് ലഭിച്ചു കഴിഞ്ഞാൽ ആഗ്രഹങ്ങളിൽ നിന്ന് നിവർത്തിക്കേണ്ടതുണ്ട്. ആഗ്രഹങ്ങളുടെ മരണത്തോടെയാണ് ജീവിതം അതിന്റെ നവോന്മേഷത്തിലേക്ക് ഉണർന്നുവരിക. ആഗ്രഹങ്ങൾ ഒഴിഞ്ഞിരിക്കുന്നവരിലേക്ക് അവശ്യം വേണ്ടതെല്ലാം ഒഴുകിയെത്തിക്കോളും. നാം ഇതറിയുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല.

## അകത്ത്




**കോള കുടിക്കൂ മരണം ആസ്വദിക്കൂ...2**

**രോഗി അറിയാൻ ഡോക്ടർ ...7**

**സുബിദിന്റെ പുസ്തകങ്ങൾ....9**

**കവലകളിലെ ചെറുപ്പക്കാർ എവിടെ?...10**

**മോഹൻലാലിന് തുറന്ന കത്ത്....10**

**പുതിയ ബുദ്ധൻമാർ....11**

**വിശക്കുന്നവൻ കൂടുതൽ ജാഗ്രതപുലർത്തുന്നു...15**

# സ്മാരകങ്ങൾ മാരകങ്ങളാകണമെന്നുണ്ടോ?

സി.രാജഗോപാലൻ

*വേനലിൽ ചിറകുവെന്തു പറന്നുവരുന്ന ഒരു കിളിക്ക് ഒരിലത്തണൽ, തന്റെ ഓർമ്മയിൽ നട്ടുവളർത്തിയാൽ, അതല്ലേ മാധവിക്കുട്ടിക്കും, ഒ.വി. വിജയനും, കുഞ്ഞുണ്ണി മാഷിനുമൊക്കെ കൂടുതൽ സമ്മതവും സന്തോഷവുമാവുക. ആ തണലിൽ ഇളവേൽക്കാനെത്തുന്ന മിണ്ടാപ്രാണികൾ, മൃതിപ്പെട്ടുപോയ ആത്മാക്കളുടെ സ്മൃതിലോകങ്ങളെ ജീവൽസംഗീതം കൊണ്ട് നിറയ്ക്കും.*

അടുത്തിടെ ഒരിംഗ്ലീഷ് ദിനപത്രത്തിൽ, കേരളത്തിൽ ഇനിയും ഉയർന്നുവരേണ്ടതായിട്ടുള്ള നിരവധി സ്മാരകങ്ങളേക്കുറിച്ചുള്ള ഒരു പ്രത്യേക ഫീച്ചർ വായിക്കുവാനിടയായി.

കുഞ്ഞുണ്ണി മാഷ്, മാധവിക്കുട്ടി, ഒ.വി.വിജയൻ, വി.കെ.എൻ, സുകുമാർ അഴീക്കോട് എന്നിങ്ങനെ സാഹിത്യ-സാംസ്കാരിക കേരളത്തിന്റെ ഹൃദയത്തുടിപ്പുകളായ ഡസനോളം പേരുകളുണ്ട്, സ്മാരകങ്ങൾ ഉയർത്തപ്പെടേണ്ടതായിട്ടുള്ളവരുടെ പട്ടികയിൽ.

സ്മാരകം എന്നാൽ സ്മരണയുണർത്തുന്നത് എന്നാണർത്ഥം എന്നുവിചാരിക്കുന്നു. മേൽപട്ടികയിൽ പറഞ്ഞവരെയെല്ലാം ലോകാവസാനം വരെ സ്നേഹാദരങ്ങളോടെ സ്മരിക്കപ്പെടേണ്ടവരാണ് എന്ന കാര്യത്തിലും രണ്ടു പക്ഷമില്ല. എന്നാൽ സ്മാരകത്തെ കുറിച്ച് കാലങ്ങളിലൂടെ നമ്മൾ 'വാർത്തെടുത്ത' ആ സങ്കൽപത്തെ, ഒന്നുമാറ്റാൻ കാലം വൈകിയിരിക്കുന്നു. സ്മാരകം=കെട്ടിടം എന്നായി മാറിയിരിക്കുന്നു. കാലം കൊണ്ട് വന്നുഭവിച്ച വസ്തുനിഷ്ഠമായ അർത്ഥം. സ്മാരകം ഉണ്ടാക്കുക എന്നുപറഞ്ഞാൽ, കെട്ടിടം പണിയുക എന്നുമാത്രമായിപ്പോയിട്ടുണ്ട് അർത്ഥം. ഫണ്ട്, പ്ലാൻ, എസ്റ്റിമേറ്റ്, കോൺട്രാക്റ്റ് എന്നിങ്ങനെ ഉയർന്നുവരുന്ന കെട്ടിടം. പിന്നെ കമ്മറ്റി, അധികാരികൾ, ശമ്പളക്കാർ,.... എന്നിങ്ങനെ രൂപപ്പെടുന്ന ഒരു സ്ഥിരം സ്ഥാപനം. ക്രമേണ, സ്വാഭാവികമായും അതിനെ ചുറ്റിവരിയുന്ന കക്ഷിരാഷ്ട്രീയം, സേവപിടുത്തം, സാമ്പത്തിക താൽപര്യങ്ങൾ..... അങ്ങനെ കാലക്രമത്തിൽ മഹാനായ (മഹതിയായ) ഒരാളുടെ പേരിലുള്ള സ്ഥാപനം പോലും പേരു കേൾക്കുമ്പോൾ തന്നെ ഓക്കാനമുളവാക്കുന്ന തരത്തിലേക്ക് താണുപോകുന്നതിന്, കേരളത്തിൽ എത്രയെങ്കിലും ഉദാഹരണങ്ങളുണ്ട്.

ഒരു വ്യക്തിയുടെയോ, കുടുംബത്തിന്റെയോ, പൊതുസമൂഹത്തിന്റെയോ യഥാർത്ഥ ആവശ്യത്തിനായി (ആവശ്യമുണ്ടെങ്കിൽ മാത്രം) ഒരു കെട്ടിടം പണിയുന്നതിൽ തെറ്റില്ല. പണിതീർത്ത ഒരു കെട്ടിടത്തിന്, സ്മരണീയമായ ഒരാളുടെ പേരു നൽകി സ്മാരകമാക്കുന്നതിലും തെറ്റില്ല. ഇതൊന്നുമല്ലാതെ, കെട്ടിടം കൊണ്ട്, പ്രത്യേകിച്ച് സാമൂഹികാവശ്യങ്ങളൊന്നും നിറവേറ്റാനില്ലെന്നിരിക്കെ, ഒരു വ്യക്തിയുടെ ഓർമ്മ നിലനിർത്താനായി മാത്രം ഒരു കെട്ടിടം പണിഞ്ഞ് പൊതുവിഭവം ദുർവ്യയം ചെയ്യുന്നതും, സ്മരിക്കപ്പെടുന്ന വ്യക്തിക്ക് ഒട്ടും ഭൂഷണമായിരിക്കുകയില്ല. സ്മാരകങ്ങൾക്ക് അർഹമായ വിധം മഹദ്ജീവിതം നയിച്ച ഒരാൾ പോലും തന്നെ പിൽക്കാലത്ത് ഓർക്കുവാനായി ഒരു കെട്ടിടം ഉയർന്നുവരണം എന്ന് ആഗ്രഹിക്കുവാൻ സാധ്യതയില്ല.

ഒ.വി.വിജയൻ അന്തരിച്ച് അധികകാലം ചെല്ലും മുമ്പ് പാലക്കാട്ടു ചേർന്ന ഒരനുസ്മരണത്തിൽ, അദ്ദേഹത്തിന്റെ പേരിൽ സ്മാരകമുണ്ടാക്കുന്നതിനെ പറ്റി ആലോചന വന്നു. സ്മാരകമെന്നാൽ കെട്ടിടം എന്ന കാര്യത്തിൽ ഇതു കുറിക്കുന്നയാൾക്കൊഴികെ മറ്റാർക്കും സംശയമേ ഇല്ലായിരുന്നു. എന്നാൽ, ഇത്തിരി വഴിമാറി ചിന്തിക്കുന്നതിനാൽ അക്കാര്യം അവിടെ തുറന്നുപറയാതിരിക്കാൻ നിവൃത്തിയില്ലായിരുന്നു. "ഖസാക്കിന്റെ ഇതിഹാസവും ഗുരുസാഗരവും മധുരം ഗായതിയും" എഴുതിയ വിജയന് ഏറ്റവും ഉചിതമായ സ്മാരകമാണ് നാം ആഗ്രഹിക്കുന്നത് എങ്കിൽ വേണ്ടത് കെട്ടിടം പണിതുയർത്തലല്ല. "കരിമ്പനകളിൽ കാറ്റ് ദൈവ സാന്ദ്രമാവുന്നത്" ധ്യാനിച്ച് കഥയെഴുതിയ വിജയന്റെ പേരിൽ ഒരു വൃക്ഷത്തോപ്പ് (ഒരു പനന്തോപ്പ്) നട്ടുവളർത്തുകയല്ലേ നാം ചെയ്യേണ്ടത്. വേനലിൽ ചിറകുവെന്തു പറന്നുവരുന്ന ഒരു കിളിക്ക് ഒരിലത്തണൽ, തന്റെ ഓർമ്മയിൽ നട്ടുവളർത്തിയാൽ, അതല്ലേ മാധവിക്കുട്ടിക്കും, ഒ.വി. വിജയനും, കുഞ്ഞുണ്ണി മാഷിനുമൊക്കെ കൂടുതൽ സമ്മതവും സന്തോഷവുമാവുക. ആ തണലിൽ ഇളവേൽക്കാനെത്തുന്ന മിണ്ടാപ്രാണികൾ, മൃതിപ്പെട്ടുപോയ ആത്മാക്കളുടെ സ്മൃതിലോകങ്ങളെ ജീവൽസംഗീതം കൊണ്ട് നിറയ്ക്കും.

*സൂര്യപ്രകാശത്താൽ താലോലിതമാകുന്ന ഈ പച്ചിലകൾ നോക്കൂ.. നിങ്ങൾ എപ്പോഴെങ്കിലും പ്രശാന്തവും ഉത്ബുദ്ധവുമായ ഹൃദയത്താൽ ഇലകളുടെ പച്ചയെ സത്യസന്ധമായി നോക്കി ഇരുന്നിട്ടുണ്ടോ... പച്ചയുടെ ഈ തണൽ ജീവന്റെ അത്ഭുതങ്ങളിൽ ഒന്നാണെന്ന്... എപ്പോഴെങ്കിലും സത്യസന്ധമായി നോക്കിയിട്ടില്ലെങ്കിൽ ഇപ്പോൾ അപ്രകാരമൊന്ന് ചെയ്യുക..*

*-ഗൗതമബുദ്ധൻ*

# ജപ്പാനിൽ നിന്നും ഒരു സന്ദേശം

## *ജപ്പാനിൽ ഉണ്ടായിരുന്ന അമ്പതോളം ആണവ റിയാക്ടറുകളിൽ അവസാനത്തെ റിയാക്ടറും അടച്ചുപൂട്ടി*

2012 മെയ് 6 ജപ്പാൻ ജനതയെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര പ്രാധാന്യമുള്ള ദിനമാണ്. ജപ്പാനിലെ നഗരങ്ങളിൽ ജനങ്ങൾ തെരുവിൽ ആഹ്ലാദപ്രകടനങ്ങൾ നടത്തി. ജപ്പാനിൽ ഉണ്ടായിരുന്ന അമ്പതോളം ആണവ റിയാക്ടറുകളിൽ അവസാനത്തെ റിയാക്ടറും അടച്ചുപൂട്ടിയ ദിനമായിരുന്നു അത്. 2011 മാർച്ച് മാസത്തിൽ ഫുക്കുഷിമയിൽ ഉണ്ടായ ഭൂകമ്പവും തുടർന്നുണ്ടായ സുനാമിയെയും തുടർന്ന് ഉണ്ടായ വൻ ആണവ ദുരന്തം ജപ്പാൻ ജനതയുടെ കണ്ണുതുറപ്പിച്ചു. ഫുക്കുഷിമയിൽ ഉണ്ടായ ആണവദുരന്തത്തിന്റെ ഫലമായുണ്ടായ അണുപ്രസരണം തടയാൻ ഇനിയും കഴിഞ്ഞിട്ടില്ല. കുടത്തിൽ നിന്നും പുറത്തുപോയ ഭൂതത്തെപ്പോലെയാണത്. ഇന്നുള്ള ഒരു സാങ്കേതിക വിദ്യയ്ക്കും അണുവികിരണങ്ങൾ പ്രസരിക്കുന്നത് തടഞ്ഞുനിർത്താൻ കഴിയില്ല എന്ന അറിവാണ് മറ്റൊരു ഫുക്കുഷിമ ഇനി ജപ്പാനിൽ വേണ്ട എന്ന തീരുമാനത്തോടെ ജപ്പാൻ ജനത സമരമുഖത്തെത്തിയത്.

ആദ്യമൊന്നും ജപ്പാൻ ഭരണകൂടവും സാങ്കേതികവിദഗ്ധരും ആണവ മേഖലയെ തള്ളിപ്പറയാൻ കൂട്ടാക്കിയില്ല. അവിടുത്തെ വൈദ്യുതി ആവശ്യത്തിന്റെ 30 ശതമാനവും പ്രദാനം ചെയ്യുന്ന ആണവ റിയാക്ടറുകളെ അത്രയെളുപ്പത്തിൽ തള്ളിക്കളയാനാവില്ലല്ലോ. എന്നാൽ വമ്പിച്ച ജനരോഷത്തെത്തുടർന്ന് ആണവറിയാക്ടറുകൾ ഒന്നൊന്നായി അടച്ചുപൂട്ടാൻ ഭരണാധികാരികൾ തയ്യാറായി. അങ്ങനെ ഏറ്റവും അവസാനം പ്രവർത്തിച്ചിരുന്ന ഹോക്കയ്ഡോയിലെ തൊമാരി നമ്പർ 3 യൂണിറ്റ് റിയാക്ടറാണ് മെയ് ആറിന് അടച്ചുപൂട്ടിയത്. അതോടെ ജപ്പാൻ ചരിത്രത്തിലെ ആണവരഹിതമായ ഒരു പുതുയുഗം ആരംഭിച്ചു.

ജപ്പാൻ പോലുള്ള ഒരു വികസിത രാജ്യം മൊത്തം ഊർജ്ജ ആവശ്യത്തിന്റെ 30 ശതമാനം പ്രദാനം ചെയ്യുന്ന, ആണവ റിയാക്ടറുകൾ ജനങ്ങളുടെ ഭയാശങ്കകളും അവരുടെ സുരക്ഷയും പരിഗണിച്ച് നിർത്തലാക്കുമ്പോൾ നമ്മുടെ കാര്യമോ? ഇന്ത്യയിൽ മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 2.5% പോലും സംഭാവന ചെയ്യാൻ ആണവനിലയങ്ങൾക്ക് കഴിയുന്നില്ല. എന്നിട്ടും പുതിയ ആണവനിലയങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുകയാണ് ഭരണകൂടം. കൂടംകുളത്തെ ആണവനിലയത്തെ കുറിച്ച് വാചാലമാകുന്ന ഭരണകൂടം ഫുക്കുഷിമയിലേക്കു കൂടി ഒന്ന് നോക്കിയിരുന്നെങ്കിൽ!

ആണവനിലയത്തിന്റെ മാത്രം കാര്യമല്ലിത്. വികസനത്തിന്റെ പേരിൽ, ആരോഗ്യ സുരക്ഷയുടെ പേരിൽ, കൃഷിയുടെ പേരിൽ, വിദ്യാഭ്യാസത്തിന്റെ പേരിൽ എല്ലാം തന്നെ വിദേശങ്ങളിൽ നമുക്ക് മുമ്പേ പോയവർ ഉപേക്ഷിക്കുന്നിടത്താണ് നാം തുടങ്ങുന്നത്. നാം പലതും കണ്ടുപഠിക്കുന്നത് വിദേശത്തെ വികസിത രാജ്യങ്ങളിൽ നിന്നാണ്. അവരുടെ അനുഭവങ്ങൾ പക്ഷേ നാം പഠിക്കുന്നില്ല. വിദേശത്തെ രോഗികൾക്ക് നൽകാത്ത മരുന്ന്, അവിടെ പ്രയോഗിക്കാത്ത കീടനാശിനികൾ, അവിടെ ഉപേക്ഷിച്ച വികസന നയങ്ങൾ.......... അങ്ങനെ പലതും നാം കൊണ്ടുനടന്ന് ആഘോഷിക്കുന്നു.

അതിനാൽ ജപ്പാനിൽ നിന്ന് നമുക്ക് പാഠം പഠിക്കാം.




## ലോകം മുഴുവൻ മാറി ചിന്തിക്കുമ്പോൾ....

അറിയപ്പെടുന്ന ആണവോർജ്ജ വിദഗ്ധനായ പീറ്റർ ഫോഡിന്റെ അഭിപ്രായത്തിൽ ആണവ നിലയങ്ങളുടെ കഴിഞ്ഞ 30 വർഷത്തെ പ്രവർത്തനം വിലയിരുത്തിയാൽ ആണവ ഊർജ്ജം മറ്റുള്ള ഊർജ്ജ രൂപങ്ങളേക്കാൾ ചിലവേറിയതാണ്. മാത്രമല്ല സാമ്പത്തികമായി ലാഭകരമായ ഒരു യൂണിറ്റ് പോലും ലോകത്തില്ല. ആരോഗ്യത്തെയും സുരക്ഷയെയും ബാധിക്കുന്നു എന്നതിനേക്കാൾ നിലയങ്ങൾ ഒക്കെത്തന്നെ സാമ്പത്തിക ബാധ്യതയാവുന്നു എന്നതാണത്രേ വലിയ തലവേദന. അതിനാൽ ലോകവ്യാപകമായി തന്നെ ആണവ ഊർജ്ജത്തിന്റെ കാര്യത്തിൽ പുനരാലോചന നടന്നുവരികയാണ്. ജർമ്മനിയും സ്വിറ്റ്സർലന്റും ആണവനിലയങ്ങൾ ഘട്ടം ഘട്ടമായി നിർത്തലാക്കാൻ തീരുമാനിച്ചുകഴിഞ്ഞു. ഇസ്രയേൽ തങ്ങളുടെ ഒരു വർഷത്തെ സിവിലിയൻ ന്യൂക്ലിയർ പ്രോഗ്രാം നിർത്തലാക്കി. ഇറ്റലി തങ്ങളുടെ 10 ഉം കുവൈറ്റ് 4 ഉം പ്ലാന്റുകൾ നിർത്തലാക്കി.

ഫ്രാൻസിലെ പുതിയ സോഷ്യലിസ്റ്റ് പ്രസിഡന്റ് ഫ്രാങ്കോയിസ് ഹോളാന്റ് ആണവോർജ്ജം ആശ്രയിക്കുന്നത് 75 ശതമാനത്തിൽ നിന്ന് 50 ശതമാനത്തിലേക്ക് കുറയ്ക്കും എന്ന് ഉറപ്പ് നൽകിക്കഴിഞ്ഞു. അങ്ങനെ ലോകം മുഴുവൻ മാറി ചിന്തിക്കുമ്പോൾ കൂടംകുളത്തെ ജനകീയ സമരത്തിന്റെ സമകാലിക പ്രസക്തി കൂടുതൽ വെളിപ്പെടുകയാണ്.

# കോള കുടിക്കൂ മരണം ആസ്വദിക്കൂ..

ചന്ദ്രബാബു തൃക്കലങ്ങോട്



നടാഷ ഹാരിസ്

പലരും മറന്നുപോയൊരു പേരായിരിക്കാം ന്യൂസ്‌ലന്റുകാരി നടാഷ ഹാരിസിന്റേത്. 2010 ഫെബ്രുവരിയിൽ ഹൃദയാഘാതം വന്ന് ഒരു സാധാരണ മരണത്തിന്റെ ലിസ്റ്റിൽ മാത്രം ഒടുങ്ങിത്തീർന്നവർ. എന്നാൽ മരണശേഷം ഇൻക്വസ്റ്റ് നടപടികൾക്കിടയിലാണ് ആരോഗ്യ വിദഗ്ധനായ ഡോ: ഡാൻമോർനീൻ ആ രഹസ്യം വെളിപ്പെടുത്തിയത്. അമിതമായ കൊക്കകോളയുടെ ഉപയോഗം മൂലമാണ് നടാഷ മരിച്ചതെന്ന്.

ക്രിക്കറ്റ് ബോളുകൾ അതിരുകൾ പായിച്ച് ബാറ്റ് ഉയർത്തി വിജയാഹ്ലാദത്തോടെ കോള കുടിച്ച് ഊർജ്ജം വീണ്ടെടുക്കുന്ന ക്രിക്കറ്റ് താരങ്ങളുടെ പരസ്യചിത്രത്തിനു താഴെ നമുക്കിനി നടാഷ ഹാരിസിന്റെ ചിത്രവും ചേർത്തുവെക്കാം.

പലരും മറന്നുപോയൊരു പേരായിരിക്കാം ന്യൂസ്‌ലന്റുകാരി നടാഷ ഹാരിസിന്റേത്. 2010 ഫെബ്രുവരിയിൽ ഹൃദയാഘാതം വന്ന് ഒരു സാധാരണ മരണത്തിന്റെ ലിസ്റ്റിൽ മാത്രം ഒടുങ്ങിത്തീർന്നവൾ. എന്നാൽ മരണശേഷമുള്ള ഇൻക്വസ്റ്റ് നടപടികൾക്കിടയിലാണ് ആരോഗ്യ വിദഗ്ധനായ ഡോ: ഡാൻമോർനീൻ ആ രഹസ്യം വെളിപ്പെടുത്തിയത്. അമിതമായ കൊക്കകോളയുടെ ഉപയോഗം മൂലമാണ് നടാഷ മരിച്ചതെന്ന്. സാധാരണ മനുഷ്യശരീരത്തിന് ശുദ്ധജലം ആവശ്യമായി വരുന്ന സന്ദർഭങ്ങളിലെല്ലാം തന്നെ അവർ കോള മാത്രമാണ് കഴിച്ചിരുന്നത്.

ഉണർന്നെണീറ്റാലും ഉറങ്ങാൻ കിടക്കുമ്പോഴും നടാഷ കഴിച്ചിരുന്നത് കൊക്കകോള മാത്രമാണ്. ഭക്ഷണസാധനങ്ങൾ വളരെ കുറച്ച് മാത്രം കഴിക്കുകയും ദിനംപ്രതി ഏകദേശം 2 ഗാലൻ കോള കഴിക്കുകയും ചെയ്തിരുന്നതിന്റെ ഫലമായി ഹൈപ്പോകലാമിയ എന്ന അവസ്ഥയിലേക്ക് മാറുകയും അത് ഹൃദയാഘാതത്തിലേക്ക് നീളുകയും ചെയ്തു.


കോളയുടെ ഉപയോഗം മൂലം മനുഷ്യരക്തത്തിൽ പൊട്ടാസ്യത്തിന്റെ അളവ് മാരകമായി കുറയുന്ന അവസ്ഥയാണ് ഹൈപ്പോകലാമിയ. ഹൈപ്പോകലാമിയ മൂലം രക്തത്തിൽ കോളയിൽ നിന്നുള്ള വിഷാംശം വർദ്ധിക്കുകയും ഉയർന്ന രക്തസമ്മർദ്ദത്തിന് വഴിവെക്കുകയും ചെയ്യുന്നു. കോളയുടെ ഉപയോഗം മൂലം ഹൃദയതാളം പോലും അസാധാരണ ഗതിയിലാകുന്നു.

യാതൊരുവിധ പോഷകഗുണവും (വിറ്റാമിനുകളും മിനറൽസും) ഇല്ലാത്ത ഈ കോളവെള്ളം ഉയർന്ന തോതിൽ പഞ്ചസാരയും അസിഡിറ്റിയും അതിലേറെ മാരകമായ കളറുകളും പ്രിസർവേറ്റീവുകളും കൊണ്ട് സമൃദ്ധമാണ്. ഒരു തവണ കഴിച്ചാൽ തന്നെ മതി ഇങ്ങനെ ശരീരം വൃത്തികേടാവാൻ. ഭക്ഷണത്തോടൊപ്പം കോള കുടിക്കുന്നത് വിദേശികളെ പോലെത്തന്നെ കേരളീയന്റെയും ശീലമായി മാറിയിരിക്കുന്നു. ഭക്ഷണശേഷം കോള കുടിക്കുന്നതുമൂലം നമ്മുടെ ശരീരം പലതരത്തിലുള്ള രാസമാറ്റങ്ങൾക്കും വിധേയമാകുന്നുണ്ട് എന്നത് ഞെട്ടിപ്പിക്കുന്ന അറിവാണ്.

ശരീരത്തിന്റെ ശരാശരി ഊഷ്മാവ് 37°C നിലനിന്നെങ്കിൽ മാത്രമാണ് നമ്മുടെ ദഹനപ്രക്രിയ നടക്കുകയുള്ളൂ. എന്നാൽ സോഫ്റ്റ് ഡ്രിങ്കുകളുടെ ഉപയോഗം മൂലം ഊഷ്മാവ് കുറയാനിടയാകുകയും ഒരുപക്ഷേ ഭീകരമായ അവസ്ഥയിലേക്ക് താഴുകയും ചെയ്യുന്നു. ഇത്തരമൊരവസ്ഥയിൽ എൻസൈമുകൾ പ്രവർത്തിക്കാതെ ദഹനപ്രക്രിയ അവതാളത്തിലാകുന്നു. ഇത് ഭക്ഷണ വസ്തുവിന്റെ ചീയലിനു കാരണമാവുകയും അതുവഴി ഗ്യാസും മറ്റ് വിഷാംശങ്ങളും ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇത് പിന്നീട് ശരീരത്തിലേക്ക് പലവഴിക്കും പടരുകയും ശരീരപ്രക്രിയ അപകടത്തിലേക്ക് നീങ്ങുകയും, നിരവധി രോഗങ്ങൾക്ക് അടിമപ്പെടുകയും ചെയ്യുന്നു. ഒരു കപ്പ് കോള കൊണ്ട് ഇത്രയെല്ലാം നേട്ടമുണ്ട് എന്ന ഒരു പരസ്യവും ഇതുവരെയും പറഞ്ഞിട്ടില്ല.

നടാഷയുടെ മരണത്തിനുശേഷം കൊക്കകോള കമ്പനി പുറത്തിറക്കിയ വിശദീകരണം ഏറെ തമാശാജനകമായിരുന്നു. ഏത് ഭക്ഷണവസ്തുവും അത് ശുദ്ധജലമായാൽ പോലും അളവിൽ കൂടുതൽ ഒരേ സമയം കഴിക്കുകയും വേണ്ട സമയത്ത് ആവശ്യമായ മെഡിക്കൽ സഹായം തേടാതിരിക്കുകയും ചെയ്യുന്നത് മരണത്തിലേക്ക് വരെ നയിച്ചേക്കാം എന്നാണ്. ശുദ്ധജലം കുടിച്ചാലും മരിക്കാമെന്നാണെങ്കിൽ പിന്നെന്താ കോള കുടിച്ചാൽ.?

*വാൽക്കഷ്ണം:- ഡൽഹി യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികൾക്കിടയിലൊരു മത്സരം നടന്നു. ആരാണ് ഏറ്റവും കൂടുതൽ കോള കഴിക്കുന്നത് എന്ന്. മത്സരശേഷം 8 ബോട്ടിൽ കോള കുടിച്ചുതീർത്ത വിജയി സമ്മാനം ഏറ്റുവാങ്ങാൻ പോലും കാത്തുനിൽക്കാതെ തളർന്നുവീണു മരിച്ചു.*




*കാരണം ശരീരത്തിൽ ഓക്സിജന്റെ അളവ് ഗണ്യമായി കുറയുകയും പകരം കാർബൺഡൈഓക്സൈഡിന്റെ അളവ് മാരകമായി കൂടുകയും ചെയ്തുവെന്നാണ്. മത്സരിക്കുമ്പോൾ ഇങ്ങനെതന്നെ മത്സരിക്കണം.*

*ആത്മഹത്യയ്ക്ക് ഇനിയെന്തിന് വളഞ്ഞ വഴി തേടണം. കോള കുടിച്ചാൽ മതിയല്ലോ. കോളകുടിക്കൂ.. മരണം ആസ്വദിക്കൂ..!!*

# പ്രിയപ്പെട്ട രോഗി അറിയാൻ ഡോക്ടർ എഴുതുന്നത്...

ലിമാ ന്യൂസ്

### പോസ്റ്റ്കാർഡിലൂടെ ബോധവൽക്കരണം നടത്തുന്ന ഡോക്ടർ രാമയോഗ്യയെക്കുറിച്ച്...

ഡോ: അരവീദീ രാമയോഗ്യ നിരന്തരം പോസ്റ്റ് കാർഡിൽ എഴുതിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ സംബന്ധിയായ വിഷയങ്ങളിൽ പോസ്റ്റ് കാർഡിൽ ടിപ്പ്സുകൾ എഴുതി പരമാവധി ആളുകളുടെ മേൽ വിലാസങ്ങൾ തേടിപ്പിടിച്ച് അയച്ചുകൊണ്ട് ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന ഈ ഡോക്ടർ ഇതിനകം 19,000 ത്തോളം പോസ്റ്റ് കാർഡ് കത്തുകൾ അയച്ചുകഴിഞ്ഞു.

മുലയൂട്ടലിന്റെ ആവശ്യകത, പകർച്ചവ്യാധികളുടെ നിർവ്യാപനം, ജലത്തിൽ നിന്ന് പകരുന്ന രോഗങ്ങൾ, തുടങ്ങി ശുചിത്വം, ആരോഗ്യപരിരക്ഷ എന്നിങ്ങനെ വിപുലവും വ്യത്യസ്തവുമായ അടിസ്ഥാന ആരോഗ്യവിഷയങ്ങൾ ഗ്രാമീണരിലും നഗരവാസികളിലും നിരന്തരം എത്തിക്കുകയാണ് പോസ്റ്റ്കാർഡ് എന്ന ചിലവുകുറഞ്ഞതും ഫലപ്രദവുമായ മാധ്യമത്തിലൂടെ മനുഷ്യസ്നേഹിയായ ഈ ഡോക്ടർ.

ആളുകളുടെ വിലാസങ്ങൾ ശേഖരിക്കുന്നത് ഒരു ഹോബി പോലെയായിത്തീർന്നിട്ടുണ്ട് ഡോക്ടർക്ക് ഇപ്പോൾ. താൻ ജോലി ചെയ്യുന്ന സ്ഥലത്ത് തന്നെ കാണാൻ വരുന്ന രോഗികളുടെ വിലാസം ശേഖരിക്കുന്നു. എവിടെച്ചെന്നാലും പൊതുയോഗങ്ങളാവട്ടെ, മറ്റെന്തു പരിപാടികളുമാവട്ടെ കുറച്ച് മേൽവിലാസങ്ങൾ കിട്ടിയാൽ അത് ശേഖരിച്ചുവെക്കും. കുടുംബാംഗങ്ങളുടെ കൂടി സഹായത്തോടെ പിന്നെ കിട്ടിയ വിലാസങ്ങളിലേക്ക് കത്തയക്കുകയായി. തന്റെ രോഗികൾക്ക് ചികിത്സയുടെ തുടർപദ്ധതിയായി കാർഡയക്കുന്ന രാമയോഗ്യ അവരുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നു. ആവശ്യമെങ്കിൽ ഇ-മെയിൽ, കൊറിയർ സംവിധാനങ്ങളും സ്വന്തം ചിലവിൽ തന്നെ ഉപയോഗപ്പെടുത്താറുണ്ട്.

ഗ്രാമീണ ജനങ്ങൾക്ക് തന്നെയല്ല, വിദ്യാസമ്പന്നരായ നഗരവാസികൾക്കും രാമയോഗ്യയുടെ കാർഡുകൾ കിട്ടാറുണ്ട്. ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈകഴുകി ടവ്വൽ കൊണ്ട് തുടയ്ക്കുന്ന സ്വഭാവം നിങ്ങൾക്കുണ്ടോ? ഉണ്ടെങ്കിൽ സൂക്ഷിക്കുക. ടവ്വൽ പ്രയോഗത്തിലൂടെ രോഗാണുക്കൾ വീണ്ടും കൈകളിൽ തിരിച്ചെത്തിയേക്കാം. രാമയോഗ്യയുടെ ഇത്തരം വിലയേറിയ ആരോഗ്യ ഉപദേശങ്ങൾ നിങ്ങളെത്തേടിയും എത്തും.

കത്തയക്കുവാൻ മറന്നുപോവുന്നവരുടെ ഈ തലമുറയിലും പോസ്റ്റ് കാർഡിനെ തന്റെ പ്രചാരണ ഉപാധിയാക്കി പ്രയോജനപ്പെടുത്തുന്ന ഡോ: രാമയോഗ്യ പോസ്റ്റ്കാർഡ് എന്ന മാധ്യമത്തെ കൂടിയാണ് പരിചയപ്പെടുത്തുന്നത്.

## വേസ്റ്റ് ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ

*അമേരിക്കൻ സംഘം വിറകുകഷ്ണങ്ങൾ ഉപയോഗിച്ച് മണിക്കൂറിൽ 47 മൈലിൽ ഓടിച്ച വാഹനത്തിന്റെ റെക്കോർഡ് കാപ്പിക്കുരു ഇന്ധനമാക്കിയ കാർ തിരുത്തിക്കുറിച്ചു. ഓർഗാനിക് വേസ്റ്റ് ഉപയോഗിച്ച് ഓടിക്കുന്ന വാഹനങ്ങളിൽ ഏറ്റവും വേഗത്തിൽ ഓടുന്ന വാഹനമെന്ന ബഹുമതിയാണ് ഈ കാർ സ്വന്തമാക്കിയത്. ബ്രിട്ടീഷ് എൻജിനീയർമാരാണ് ഈ നേട്ടം കൈവരിച്ചത്. മോഡിഫൈ ചെയ്ത റോവർ എസ്.ഡി.വൺ ആണ് യോർക്കറിനു സമീപത്തെ എൽവിംഗ് ടൺ റേസ് ട്രാക്കിൽ മണിക്കൂറിൽ 66.5 മൈൽ വേഗത്തിൽ സഞ്ചരിച്ചത്.*

*പെട്രോൾ, ഡീസൽ, ഗ്യാസ് തുടങ്ങിയവയ്ക്ക് ബദലായ ബയോവേസ്റ്റ് ഉപയോഗിക്കാമെന്നാണ് ഇതു തെളിയിക്കുന്നതെന്ന് ശാസ്ത്രജ്ഞൻമാർ പറഞ്ഞു. കാപ്പിക്കുരു ചാർകോൾ പോലെ കത്തിക്കലാണ് ആദ്യപ്രക്രിയ. തുടർന്നുണ്ടാകുന്ന കമ്പസ്റ്റഷൻ ഗ്യാസ് ചൂടായ കാർബൺ ഉപയോഗിച്ച് കാർബൺ മോണോക്സൈഡും ഹൈഡ്രജനും ആക്കി മാറ്റും. ഇതു പിന്നീട് സൈക്ലോൺ ഫിൽട്ടർ, റോക്ക് റൂൾ ഫിൽട്ടർ എന്നിവ ഉപയോഗിച്ച് തണുപ്പിക്കുന്നു. ഈ പ്രക്രിയ കഴിയുമ്പോഴേക്കും തണുത്തു ശുദ്ധിയായ ഗ്യാസ് എൻജിനിലേക്ക് എത്തിക്കുന്നു. ഇതിന്റെ ശക്തിയിലാണ് എൻജിൻ പ്രവർത്തിക്കുന്നത്.*

## കാൻസർ-കൊളസ്ട്രോൾ പ്രതിരോധിക്കാൻ മത്തി

കാൻസറും കൊളസ്ട്രോളും നിയന്ത്രിക്കുന്നതിന് മത്തി ഫലപ്രദമാണെന്ന് കണ്ടെത്തി. മനുഷ്യനെ ബാധിക്കുന്ന ചില ബാക്ടീരിയകളെ ചെറുക്കാനും മത്തിക്ക് കഴിവുണ്ട്. മത്തിച്ചാള, കത്തിച്ചാള എന്നീ രണ്ടിനം മത്സ്യങ്ങളിൽ നിന്നെടുത്ത സംസ്കരിച്ച കൊഴുപ്പാണ് പഠനത്തിന് വിധേയമാക്കിയത്. ഒമീഗാ ഫാറ്റി ആസിഡ് എന്ന ഈ പോഷകത്തെ വീണ്ടും വേർതിരിച്ച് ഡോകോസഹേക്സോയിനിക് ആസിഡ് (ഡി എച്ച് എ), ഈകോസ പെൻട്രോയിൻക് ആസിഡ് (ഇ പി എ) എന്നീ ഘടകങ്ങളായി തിരിച്ച് എലികളിലായിരുന്നു പരീക്ഷണം. രക്തത്തിലെ കൊളസ്ട്രോൾ, ട്രൈഗ്ലിസ്റൈഡ്, എൽ.ഡി.എൽ കൊഴുപ്പുകൾ എന്നിവയെ നിയന്ത്രിക്കുന്നതായി പരീക്ഷണത്തിൽ കണ്ടെത്തി.



പ്രോസ്ട്രേറ്റ് ഗ്രന്ധിയിലും സ്തനങ്ങളിലും ബാധിച്ച അർബുദ കോശങ്ങൾ വേർതിരിച്ച് പരീക്ഷണ വിധേയമാക്കിയപ്പോൾ ഡി എച്ച് എ, ഇ പി എ ഘടകങ്ങൾ അവയെ നശിപ്പിക്കുന്നതായും മനസ്സിലായി. മത്തി മത്സ്യങ്ങളിൽ ഗവേഷമം നടത്തിയ കൊച്ചി സർവ്വകലാശാല മറൈൻ ബയോളജി വിഭാഗത്തിലെ ചിത്രസോമിന്റേതാണ് ഈ കണ്ടെത്തലുകൾ.

# മാതൃകകൾ ഉണ്ടായിരിക്കണം

**പി.പി. സുരേഷ്കുമാർ**

മാതൃകകൾ ഇല്ലാതിരിക്കുക എന്ന ദുരന്താനുഭവത്തിലൂടെയാണ് യുവതലമുറ കടന്നുപോകുന്നതെന്നു തോന്നുന്നു. അവരെ നല്ല കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കാനും ചെയ്യിപ്പിക്കാനും ആളുകളില്ല. മതത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്ന ഉപദേശങ്ങളെ ഇവിടെ കണക്കിലെടുക്കുന്നില്ല. സമൂഹത്തിനുവേണ്ടി (സ്വസമുദായത്തിനോ 'സ്വദൈവ'ത്തിനോ അല്ല), അതിന്റെ നല്ല നിലനിൽപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേക്ക് കുട്ടികളേയും യുവാക്കളേയും നയിക്കുന്ന സംഘടനകളും കൂട്ടായ്മകളും കുറവാണ്. ഇത് ശുഭകരമായ ഒരു കാര്യമല്ല. ദൈവവിചാരത്തിനുവേണ്ടിയുള്ള ദൈവവിചാരം ആർക്കും ഒരും ഗുണവും ചെയ്യില്ല. പത്തുപതിനെട്ടു വയസ്സായ ചെറുപ്പക്കാർ കൂട്ടം ചേർന്ന് മരണാനന്തര ജീവിതത്തെക്കുറിച്ചും മതമാഹാത്മ്യത്തെപ്പറ്റിയും മാത്രം ചർച്ച ചെയ്യുന്നത് ഒരു നല്ല പ്രവണതയായി തോന്നുന്നില്ല.

മുതിർന്നവർ ചെയ്യുന്നതിനെ യുവാക്കൾ പ്രമാണമാക്കുമെന്നത് ഒരു ലോകതത്വമാണ്. നമ്മുടെ രാഷ്ട്രീയ രംഗത്തോ, ഭരണരംഗത്തോ, കുടുംബത്തിൽ പോലുമോ മുതിർന്നവർ പൊതുവെ നല്ല മാതൃകകളായി മാറുന്നില്ല എന്നതാണ് ദുഃഖസത്യം. രാഷ്ട്രീയപ്രവർത്തനവും ജനപ്രതിനിധി എന്ന സ്ഥാനവും പണമുണ്ടാക്കാനുള്ള അവസരമായി പല നേതാക്കളും കാണുന്നു. ഒരു തിരുത്തൽ ശക്തിയാവാൻ അവർ താൽപര്യപ്പെടുന്നില്ല. നേതാവ് നടന്ന വഴിയിലൂടെ നടക്കാനാണ് അവർക്കിഷ്ടം.

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും ഇടയ്ക്ക് ചില വെള്ളിരേഖകളുമുണ്ട്. എന്റെ ഒരു സുഹൃത്ത് അയാളുടെ ഒരനുഭവം പറയുന്നു. മകന് ഒരു പരീക്ഷ എഴുതാൻ വേണ്ടി രണ്ടുപേരും കൂടി എറണാകുളത്തെത്തി. റെയിൽവെ സ്റ്റേഷനിലിറങ്ങി പുറത്തേക്കു നടക്കവെ യാത്രക്കാർക്ക് ഇരിക്കാനുള്ള ബെഞ്ചിൽ ഒരു പുതിയ സിനിമാ വാരിക അനാഥമായി കിടക്കുന്നത് കണ്ടു. സുഹൃത്തത് മറിച്ചുനോക്കി അൽപസമയം നിന്നു. അതിനു ഉടമസ്ഥനില്ലെന്ന് മനസ്സിലാക്കി അതും ചുരുട്ടിപ്പിടിച്ച് നടക്കാൻ ഒരുങ്ങി. ഉടൻ മകൻ തടഞ്ഞു. സുഹൃത്ത് ലാഘവത്തോടെ പറഞ്ഞു. "ഇതാരെങ്കിലും മറന്നുവെച്ചുപോയതായിരിക്കും. നമ്മളെടുത്തില്ലെങ്കിൽ വേറെ ആരെങ്കിലും എടുക്കുമെന്നു മാത്രം". മകൻ പറഞ്ഞുവത്രെ. "അതു നമ്മുടേതല്ലല്ലോ, അതുകൊണ്ട് എടുക്കേണ്ട". ശരിയെന്നുപറഞ്ഞ് സുഹൃത്ത് വാരിക യഥാസ്ഥാനത്തു വെച്ച് പുറത്തേക്ക് മകന്റെ കൂടെ നടന്നു.

ആലോചിച്ചുനോക്കിയപ്പോൾ മകനെക്കുറിച്ച് അഭിമാനം തോന്നിയെന്ന് സുഹൃത്ത്. യുവതലമുറ മുതിർന്നവർക്ക് മാതൃക സൃഷ്ടിക്കുന്ന കാലത്തെ കൗതുകത്തോടെ പ്രതീക്ഷയോടെ നമുക്കു കാത്തിരിക്കാം.

# കല്ലുകൾ

**പാർവതി**

വീടിനുപിറകിലെ കുന്നിൻചെരുവ് കല്ലുകളുടെ മ്യൂസിയം ആയിരുന്നു. പല നിറങ്ങളിൽ, പല രൂപങ്ങളിൽ, തവിട്ടോ, കറുപ്പോ, കടുംചുവപ്പോ ആയി, ഒരവും മിനുസവുമോടെ ചിതറിക്കിടന്നു അവ. നോക്കുമ്പോൾ, അവയുടെ അത്രമേൽ പഴക്കമേറിയ ആയുസ്സിൽ അവ കടന്നുപോന്ന മുഴുവൻ കാലവും മുഴുവൻ ഋതുക്കളും അലിഞ്ഞ് ചില പാടുകൾ, ചില രേഖകൾ മാത്രമായിത്തീർന്നിരിക്കുന്നു. വിരലുകൾക്ക് തിരിച്ചറിയാനാവുന്നു അതിന്റെ ജീവനെ. അനേകായിരം മഴക്കാലങ്ങളിലൂടെ, ഒഴുക്കുകളിലൂടെ വളർന്നുവന്ന അതിന്റെ ശരീരത്തെ... അതേ കല്ലുകളെ മറ്റൊരു വിധത്തിൽ മറ്റൊരിടത്ത് കണ്ടെത്തുന്നത് അത്ഭുതപ്പെടുത്തിയിരുന്നു. കാടിനോടു ചേർന്ന പുഴയിൽ ജലത്തിനടിയിൽ ആഴ്ന്ന് നോക്കുമ്പോൾ അവ തിളങ്ങുന്ന വജ്രരൂപങ്ങൾ. കരയിലൂടെ നടക്കുമ്പോൾ വഴുക്കുന്ന, ഉരുളൻ ശിൽപങ്ങൾ. അരികുകളിൽ പായലും മറ്റനേകം ജൈവരൂപങ്ങളും താമസിക്കുന്ന ഒരു ബയോസ്ഫിയർ റിസർവ്വ്. ഓരോ കല്ലും ഓരോന്ന്. ഓരോ പ്രകൃതി. ഓരോ വലുപ്പം. ഓരോ ബോധം. ഓരോ ജീവിതം. മനുഷ്യരുടേതുപോലെ, ചെടികളോ ജീവികളോ പോലെ ഏകം. സാമ്യങ്ങളില്ലാത്തത്. ജീവന്റെ ബഹുരൂപിയായ ഒരിടം. അവയിൽ ചവിട്ടിനടക്കുമ്പോൾ, ഉടൽചാരി കിടക്കുമ്പോൾ, മനുഷ്യരുടെ ആദിമ രൂപങ്ങളെ ഞാൻ തൊടുന്നു. ആശ്ചര്യപ്പെടുന്നു. അടുത്ത ഋതുവിൽ ഈ കല്ല് മറ്റൊന്നാവും. അടുത്തതിൽ വേറൊന്ന്. ചലിക്കാതിരിക്കാൻ, ഒരു കല്ലിന് എത്ര പ്രയാസമായിരിക്കും, അല്ലേ?

*പെട്രോൾ വില കൂടുന്നതിനനുസരിച്ച് കൂടുതൽ പേർ ഡീസൽ വാഹനങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. കമ്പനികൾ പുതിയ ഡീസൽ വാഹനങ്ങൾ അനുദിനം നിരത്തിലിറക്കുന്നു. ഡീസൽ, പൊതുവാഹനങ്ങൾക്കും, ചരക്കുവാഹനങ്ങൾക്കും മാത്രം സബ്സിഡി നിരക്കിൽ കൊടുക്കാൻ പാടുള്ളൂ എന്ന് സർക്കാർ തീരുമാനിക്കണം. സബ്സിഡി നിരക്കിൽ ഡീസൽ ഉപയോഗിച്ച് ആഢംബരയാത്ര ഇനി വേണോ?*

**-കുഞ്ഞാപ്പ മാലാപറമ്പ്, കോഴിക്കോട്**

*പണിസ്ഥലത്തേക്കും, അടുക്കളയിലേക്കും യഥേഷ്ടം കൊണ്ടുപോവാൻ റേഡിയോ മാത്രമേ പറ്റൂ. നാൽപ്പതു വർഷമായി റേഡിയോ മെക്കാനിക്കാണ് ഞാൻ. റേഡിയോ നന്നാക്കാൻ വരുന്ന ചില സ്ത്രീകളെ കണ്ടിട്ടുണ്ട്. നന്നാക്കാൻ രണ്ട് ദിവസം വേണം എന്ന് പറയുമ്പോഴേക്കും അവരുടെ കണ്ണുനിറയും. ഒരു ദിവസം പോലും പിരിഞ്ഞിരിക്കാൻ കഴിയാത്ത വിധത്തിൽ അവർ റേഡിയോയുമായി പ്രണയത്തിലായിരിക്കുന്നു.*

**-ശ്രീധരൻ, റേഡിയോ മെക്കാനിക്ക്, ചുങ്കത്തറ**

*വലിയ ഹോട്ടലുകളിലും ഫാസ്റ്റ് ഫുഡ് കടകളിലും കിട്ടുന്ന ഭക്ഷണങ്ങൾക്ക് ഇപ്പോൾ എല്ലായിടത്തും ഒരേ രുചിയാണ്. സോസുകളും കൃത്രിമ ചേരുവകളും മറ്റും ചേർത്ത കുഴമ്പുകളിൽ ഇറച്ചിയും, പച്ചക്കറികളും ഇട്ട് ഇളക്കി ചേർത്ത് വിളമ്പുകയാണ് എല്ലായിടത്തും. വലിയ ഹോട്ടലുകളിൽ നമ്മുടെ സാധാരണ വീട്ടമ്മമാരെ കൊണ്ട് പാചകം ചെയ്യിക്കുന്ന രീതി ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. നമ്മുടെ അമ്മൂമ്മമാരുടെ പാചകവിധികൾ സമാഹരിച്ച് സൂക്ഷിച്ച് വെക്കേണ്ടതാണ്. വിഭവങ്ങൾ ദുരുപയോഗം ചെയ്യാതെയും വയറിന് ദോഷം വരുത്താതെയുമാണവരുടെ പാചകം.*

**-സുധാകരൻ, പറളി, പാലക്കാട്**



ലിമ ഫീച്ചേഴ്സ്

# സുബിദിന്റെ കുഞ്ഞുപുസ്തകങ്ങൾ, കളിപ്പാട്ടങ്ങളും


പുസ്തകങ്ങൾ എങ്ങനെയുമാകാം! മഞ്ഞക്കടലാസ് നീളത്തിൽ വെട്ടിയെടുത്ത് അതിൽ പച്ചനിറത്തിൽ സുബിദ് മനസ്സിലുള്ള ആശയങ്ങൾ കോറിയിടുന്നു. അവ മടക്കി പുസ്തകങ്ങളാക്കുന്നു. ആർക്കും എടുത്ത് വായിക്കാം. കൈമാറാം. കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്ന ലാഘവത്തോടെ സുബിദ് പുസ്തകങ്ങൾ മെനഞ്ഞുണ്ടാക്കുന്നു. മടക്കിവെച്ച പുസ്തകത്തിന്റെ ചുരുളുകൾ നിവർത്തി നമുക്ക് വായിക്കാം. ഉദാഹരണത്തിന്,

**സുബിദിന്റെ പുസ്തകം 1: പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം?** പ്രശ്നമുണ്ടെന്ന് മനസ്സിലാക്കുക. പ്രശ്നത്തിന്റെ കാരണമെന്തെന്ന് മനസ്സിലാക്കുക.ഒറ്റയ്ക്കു പറ്റിയില്ലെങ്കിൽ സുഹൃത്തുക്കളോട് പങ്കുവെച്ച് പ്രശ്നകാരണം മനസ്സിലാക്കി പ്രശ്നം പരിഹരിക്കുക. പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഇല്ല. കാരണം കണ്ടെത്താതെ പരിഹാരം ആവില്ല.

**പുസ്തകം 2: എങ്ങനെ ജീവിക്കണം?** ഇന്നലെയിൽ നിന്നും പഠിച്ച് നാളെയെക്കുറിച്ച് സ്വപ്നം കണ്ട്, സ്വയം സത്യസന്ധത പുലർത്തണം. ചുറ്റുപാടിനോട് സത്യസന്ധത പുലർത്തണം. ചുറ്റുമുള്ളവരോട് സത്യസന്ധത പുലർത്തണം. കാലത്തിനോട് സത്യസന്ധത പുലർത്തണം. ഇങ്ങനെയിങ്ങനെ... സുബിദ് എത്ര പുസ്തകങ്ങൾ വേണമെങ്കിലും ഉണ്ടാക്കും. വായിച്ചറിഞ്ഞ, മനസ്സിൽ പതിഞ്ഞ, ഉള്ളിൽ നിന്നും വരുന്ന നല്ല വാക്കുകൾ കോറിയിട്ട് ഇങ്ങനെ എഴുതിയുണ്ടാക്കുന്ന മച്ചിങ്ങയുമൊക്കെ ഉപയോഗിച്ചുള്ള പഴയകാലത്തെ കളിപ്പാട്ടങ്ങൾക്കുപുറമെ വലിച്ചെറിയുന്ന കുപ്പിയും അടപ്പുകളും സി.ഡികളും അങ്ങനെന്തും സുബിദിന്റെ കയ്യിലെത്തിയാൽ രസകരമായ കളിപ്പാട്ടങ്ങളായി മാറുന്നു. ഓരോന്നു കാണുമ്പോഴും ഇതുകൊണ്ട് ഇങ്ങനെയും പറ്റുമോ എന്നു നമുക്ക് അത്ഭുതം തോന്നിപ്പോകുന്നു. പ്രകൃതിയും കുട്ടികളും ഇഷ്ടപ്പെടുന്ന കളിപ്പാട്ടങ്ങളാണ് സുബിദ് നിർമ്മിക്കുന്നത്. കുട്ടികളെ കളിപ്പാട്ടനിർമ്മാണം പഠിപ്പിക്കാനായി സുബിദ് എവിടെയും ചെല്ലുന്നു. സുബിദ് പറയുന്നു. ഏറ്റവും നല്ല കളിപ്പാട്ടവും നിങ്ങളുടെ സ്നേഹത്തിനും കുട്ടികളുടെ സ്വാതന്ത്ര്യത്തിനും പകരമല്ല.

*ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രൊഡക്ട് ഡിസൈനിംഗിൽ ബിരുദാനന്തര ബിരുദമുള്ള സുബിദിനെ കളിപ്പാട്ട നിർമ്മാണ പരിശീലനത്തിനായി വിളിക്കാം:*
***(സുബിദ്: 94 96 52 38 51, ahimsatoys@gmail.com, Subid.KS@gmail.com)***

## വാഹനാപകടം



*2011 ൽ കേരളത്തിൽ 4,000 ത്തോളം പേർ അപകടങ്ങളിൽ മരിക്കുകയും 45,000 അപകടങ്ങളിലായി 55,000 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. 2011 ലെ കണക്കനുസരിച്ച് കേരളത്തിൽ 65 ലക്ഷം വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 600 കോടി രൂപയാണ് കേരള സർക്കാർ അപകടത്തിൽ പെടുന്നവർക്കായി ഓരോ വർഷവും ചെലവിടുന്നത്.*

# ഉറുമ്പ്, കുരങ്ങൻ, മനുഷ്യർ

**ചന്തിരൂർ താഹ**

*പരസ്പരം ഒന്നിക്കുകയും, ഭിന്നിപ്പിക്കുകയും ചെയ്യുന്നത് 'ബുദ്ധി'യാണ്. നാം കാണുന്ന ജീവികളിൽ ചിലത് ഒന്നിപ്പിക്കുന്ന സ്വഭാവമുള്ളതാണ്. മറ്റു ചില ജീവികൾ ഭിന്നിച്ചു മാത്രമേ നിൽക്കുകയുള്ളൂ. ഉറുമ്പുകളെ നോക്കൂ... അവ എന്നും ഒരുമിച്ചേ നിൽക്കുകയുള്ളൂ, ഒന്നിച്ചു സഞ്ചരിക്കുന്നു, ഒരുമിച്ച് കൂടുണ്ടാക്കുന്നു, ഒന്നിച്ച് ഭക്ഷണം ശേഖരിക്കുന്നു. എന്നാൽ കുരങ്ങൻമാരെ ശ്രദ്ധിച്ചിട്ടുണ്ടോ?... കുരങ്ങൻമാർ ഒരിക്കലും ഒരുമിച്ചു നിൽക്കാറില്ല, എന്തെങ്കിലും കൊടുത്താൽ തന്നെ എല്ലാവരും കൂടി കൂട്ടമായി വന്ന് പിടിച്ചുവലിച്ച് കോക്രി കാട്ടി ഭക്ഷണസാധനങ്ങൾ കഷ്ണങ്ങളാക്കിയാലെ അവയ്ക്ക് തൃപ്തി വരൂ..*

*മനുഷ്യന്റെ സ്ഥിതി വളരെ വ്യത്യസ്തമാണ്. ഒരേസമയം യോജിപ്പിക്കുവാനും, വേർതിരിക്കുവാനുമുള്ള കഴിവ് മനുഷ്യനു മാത്രമേയുള്ളൂ. ലോകത്തെ മുഴുവൻ അപഗ്രഥിക്കുകയും അതിൽ 'ഏകത്വം' ദർശിക്കുകയും ചെയ്യാൻ മനുഷ്യന് കഴിയും.*

*എല്ലാ വസ്തുക്കളെയും ഒന്നിപ്പിക്കുന്നതാണ് യഥാർത്ഥ 'സത്യം'. എന്നാൽ ഈ 'സത്യം'തിരിച്ചറിയുന്നതിന് മനുഷ്യൻ ബുദ്ധിപൂർവ്വം വസ്തുതകളെ വേർതിരിച്ച് വിശകലനം ചെയ്യുന്നു. ഇതെല്ലാം 'ബുദ്ധി'യുടെ കളികളാണ്! ബുദ്ധി ശാന്തമാവുമ്പോഴാണ് യഥാർത്ഥ വിവേകമുണ്ടാവുക.*

*അറിവ് ശേഖരിക്കുന്നതു കൊണ്ടു മാത്രം ഒരാൾ ബുദ്ധിമാനാകുന്നില്ല. ബുദ്ധിയില്ലാതെ കുറേ 'അറിവ്' മാത്രം കൈവശം വെച്ച് ഇവിടെ ഒന്നും സൃഷ്ടിക്കുവാൻ കഴിയുകയുകയില്ല. ബുദ്ധിയുള്ളവന് പരിജ്ഞാനം കുറവാണെങ്കിലും സൃഷ്ടിപരമായ കാര്യങ്ങളിൽ പരാജയപ്പെടില്ല.*

*എല്ലാ വസ്തുക്കളിലും ഒന്നിനെയും, ഒന്നിൽ എല്ലാ വസ്തുക്കളെയും കാണുക എന്നതാണ് വിവേകത്തിന്റെ ലക്ഷണം.*

# കവലകളിലെ ആ ചെറുപ്പക്കാർ എവിടെ?

*നൗഷാദ് ചാത്തല്ലൂർ*

*വെറുതെയിരിക്കുന്നതും മഹാപരാധമാണെന്നാണ് പലരും വിചാരിക്കുന്നത്. കവലകളിലെ അലസമായ കൂട്ടുകൂടലുകൾ ആട്ടിയോടിക്കപ്പെടേണ്ടതല്ല; പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണ്.*

കവലകളിൽ, പാതവക്കിലെ മാടക്കടയിൽ, കലുങ്കിൽ, ബസ് സ്റ്റോപ്പിൽ... അങ്ങനെ നാലാൾ കൂടുന്നിടത്തൊക്കെ സജീവസാന്നിധ്യമായിരുന്ന ചെറുപ്പക്കാരുടെ (ചിലപ്പോൾ വയസ്സൻമാരും) ആ കൂട്ടം ഇന്നെവിടെ? ഇന്ന് ഏവരും ബിസിയാവുമ്പോൾ.. പരിധിക്ക് പുറത്താവുമ്പോൾ, അലസമായി വെറുതെയിരിക്കുന്നവരെ കാണാൻ കൂടി കിട്ടാതാവുന്നു. പക്ഷേ അലസമായ വെറുതെയിരിപ്പു മാത്രമായിരുന്നില്ല എന്നതാണ് നേര്.

നിരുപദ്രവകരമായ ചില കുഴപ്പങ്ങൾ ഇവരിൽ ആരോപിക്കപ്പെടുന്നതൊഴിച്ചാൽ പൊതുവെ നാടിന് ഉപകാരികളായിരുന്നു ഇവർ. എപ്പോഴും ആർക്കും സഹായവുമായി ഏത് അപ്രതീക്ഷിത സാഹചര്യങ്ങളിലും ഇവർ ഇടപെടാറുണ്ട്. ശ്രമദാനങ്ങൾ, വിവാഹവീടുകളിലെ സഹായങ്ങൾ, ദുരിതബാധിത സമയങ്ങളിൽ രക്ഷാപ്രവർത്തനം എന്നുവേണ്ട പൊതുവായ ഏത് വിഷയത്തിലും ഇടപെടാൻ ഇവർക്ക് വേണ്ടുവോളം സമയവും സന്നദ്ധതയും ഉണ്ടായിരുന്നു. മിക്കവാറും സ്ഥലത്തെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തകരും ആയിരിക്കും. സാക്ഷരതാ പ്രവർത്തനം പോലുള്ള ജനകീയസംരംഭങ്ങളിൽ സജീവമാവുന്നതും കവലകളിലെ ഈ അലസൻമാർ തന്നെ.

പലപ്പോഴും വളരെ വൈകി വരെ ഇവരുടെ പെട്രോളിംഗ് സേവനമുണ്ടാവും. സമൂഹത്തിലെ പല ഇരുട്ടിന്റെ ആത്മാക്കൾക്കും ഈ വെറുതെയിരിപ്പുകൾ തലവേദനയാവാറുണ്ട്. ഏത് സമയത്തും സഹായത്തിന് സദാ സന്നദ്ധരായിരിക്കുന്ന.. ഇവർ പതുക്കെ പതുക്കെ മങ്ങിപ്പോകുന്ന ഗ്രാമീണ കാഴ്ചയാവുകയാണ്..

മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ചാലിയാർപുഴയിലെ പാലത്തിൽ ഒരു സുഹൃദ്സംഗമമുണ്ടായിരുന്നു. വളരെ വൈകി പത്തുമണിവരെ ഇവർ കളിയും ചിരിയും തമാശയുമൊക്കെയായി ഇവിടെ സജീവമായുണ്ടാകും. രാത്രി വളരെ വൈകി വരെ നീളുന്ന ഈ ഒത്തുകൂടൽ പക്ഷേ സ്ഥലത്തെ കോഴിയിറച്ചി കച്ചവടക്കാർക്ക് ശല്യമായി. അവർക്ക് ഇറച്ചിയുടെ മാലിന്യം പുഴയിൽ നിക്ഷേപിച്ച് കടന്നുകളയാൻ കഴിയുന്നില്ല. ഒടുവിൽ പോലീസിൽ കള്ളപ്പരാതി കൊടുത്ത് പോലീസിനെക്കൊണ്ട് ഇവരെ വിരട്ടിയോടിച്ചാണ് പിന്നീട് കോഴിവേസ്റ്റുകൾ പുഴയിൽ തള്ളിയത്. വൈകുന്നേരം ആറുമണി കഴിഞ്ഞ് ആളുകളെ പുറത്തുകണ്ടുപോയാൽ വീട്ടിലേക്ക് നിർബന്ധിച്ച് പറഞ്ഞയക്കുന്ന പതിവും പോലീസിനുണ്ട്.

*ഒരുവട്ടം കൂടിയാ പുഴയുടെ തീരത്ത് വെറുതെയിരിക്കുവാൻ മോഹം.*



# മോഹൻലാലിന് തുറന്ന കത്ത്

*ബെർലി തോമസ്*

*"കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുന്നവർ ജീവിക്കുന്ന ഈ നാട്ടിൽ ജീവിക്കാൻ മടി തോന്നുന്നു, പേടി തോന്നുന്നു, വെറുപ്പ് തോന്നുന്നു" എന്നു പറഞ്ഞ ലാലേട്ടാ, അങ്ങയുടെ ആശങ്കകളും വേദനകളും ആത്മാർത്ഥമായിരിക്കാം. പക്ഷേ അർത്ഥശൂന്യമാണ്.*

*"എനിക്ക് ജീവിക്കണം, സ്വസ്ഥമായിട്ട് ജീവിക്കണം, അതിനു തടസ്സം നിൽക്കാൻ നിന്റെയീ കൈകൾ ഉണ്ടാവരുത്, അതുകൊണ്ട് ഞാനിത് എടുക്കാ" എന്നു പ്രഖ്യാപിച്ച് 20 വർഷം മുമ്പ് മുണ്ടയ്ക്കൽ ശേഖരന്റെ കൈ ഒറ്റവെട്ടിനു മുറിച്ചുമാറ്റിയ മംഗലശ്ശേരി നീലകണ്ഠൻ, ആ സീനുകൾ കണ്ടുവളർന്ന പിള്ളേര് നടത്തിയ ഒരു കൊലപാതകത്തെ പറ്റി പത്രത്തിൽ വായിച്ചിട്ട്, കേരളത്തിൽ ജീവിക്കാൻ പേടിയാകുന്നു എന്നൊക്കെ പറയുന്നത് ന്യായമാണോ?*

*അഭ്രപാളികളിൽ നിന്നിറങ്ങി അങ്ങ് കേരളത്തിലെ സാധാരണക്കാരുടെ ജീവിതം നോക്കിക്കണ്ടിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഉണ്ടെങ്കിലും ഇല്ലെങ്കിലും കേരളത്തിൽ കൊല്ലും കൊലയും തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ല. കൊല്ലാനും കൊല്ലിക്കാനും എല്ലാവർക്കും അവരുടേതായ കാരണങ്ങൾ ഉണ്ടായിരുന്നു. എന്നിട്ടും ഇന്നലെ പിറന്നുവീണ കുഞ്ഞിന്റെ നിഷ്കളങ്കതയോടെ അങ്ങ് ടി.പി. ചന്ദ്രശേഖരന്റെ അമ്മയുടെ സങ്കടത്തെപ്പറ്റി എഴുതിയത് കണ്ട് കണ്ണു നിറഞ്ഞില്ല. 'കിരീട'ത്തിലെ സേതുമാധവനും 'നരസിംഹ'ത്തിലെ ഇന്ദുചൂഢനും 'ദേവാസുര'ത്തിലെ മംഗലശ്ശേരി നീലകണ്ഠനും കൊന്നതും കൊല്ലിച്ചതുമായ സീനുകൾ തീയേറ്ററുകളിൽ കണ്ട് കയ്യടിച്ചുപോയവർക്ക് പിന്നീട് കൊല്ലാനും കൊല്ലിക്കാനും അങ്ങയുടെ അഭിനയം പ്രചോദനമായിട്ടുണ്ടെങ്കിൽ ഇനി അത്തരം സിനിമകളിൽ അഭിനയിക്കില്ല എന്നെങ്കിലും ഒരു കൊച്ചു പ്രതിജ്ഞ എടുക്കുകയായിരുന്നില്ലേ വേണ്ടിയിരുന്നത്?*

*(കടപ്പാട്: berlytharangal.com)*



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു

# പുതിയ ബുദ്ധൻമാർ

**മത്സര പരീക്ഷകളിൽ ഉന്നതവിജയം നേടാൻ ദൃഢപ്രതിജ്ഞയെടുത്ത് അഹോരാത്രം അദ്ധ്വാനിച്ച്, പണം ചിലവഴിച്ച് ഇന്ന് കുട്ടികൾ എത്തിച്ചേരാൻ അഭിലഷിക്കുന്ന ഉന്നതപീഠങ്ങളിൽ നിന്നാണ് സർവ്വവും ഉപേക്ഷിച്ച് നിത്യസാധാരണമായ ജീവിത വ്യവഹാരങ്ങളിലേക്ക് ചില ആളുകൾ മടങ്ങിയെത്തുന്നത്. പലതും നേടിയിട്ടും, ഒന്നും നേടിയിട്ടില്ലെന്ന തിരിച്ചറിവിലൂടെ സ്വാസ്ഥ്യത്തിലേക്കുള്ള മടക്കമാണിത്.**

കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ആളുകൾ കൂടുതൽ ശ്രദ്ധ കാണിക്കുന്ന കാലമാണിത്. മത്സരപരീക്ഷകളുടെ കോച്ചിംഗുകൾക്ക് കുട്ടികളെ ചേർത്തും പണം ചിലവഴിച്ച് പ്രൊഫഷണൽ സ്ഥാപനങ്ങളിൽ കൊണ്ടുപോയാക്കിയും കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ ഏറെ താൽപര്യം കാണിക്കുന്നു.

ഈയടുത്ത് ബന്ധുവായ ഒരു കുട്ടിയുടെ വിദ്യാഭ്യാസ കാര്യങ്ങളുമായി ബന്ധപ്പെട്ട് രണ്ടു മൂന്നു തവണ ബാംഗ്ലൂരിൽ പോകേണ്ടിവന്നു. ഐ.ഐ.ടിയുടെ പ്രവേശന പരീക്ഷയ്ക്കുള്ള കോച്ചിംഗിനാണ് ഈ കുട്ടിയെ ചേർത്തിട്ടുള്ളത്. അവിടെ വെച്ച് വിവിധ സംസ്ഥാനങ്ങളിലെ കുട്ടികളുടെ രക്ഷിതാക്കളുമായി സംസാരിക്കാൻ പറ്റി. കൂടുതലും മലയാളികളാണ്. കുട്ടികളുടെ പഠനപുരോഗതി അളന്നുമുറിച്ച് പരിശോധിച്ച് അതീവ ജാഗ്രത പുലർത്തുന്നവരാണ് എല്ലാവരും. വൻ നഗരങ്ങളിലെ ഉയർന്ന കുടുംബങ്ങളിൽ നിന്നു മാത്രമുള്ളവർ ഐ.ഐ.ടിയിലും മറ്റും കയറിപ്പറ്റുമ്പോൾ നമ്മുടെ കുട്ടികളും അവിടെയൊക്കെ എത്തിപ്പെടേണ്ടേ എന്ന ധ്വനി മിക്കവരിലുമുണ്ട്. ഐ.ഐ.ടിയിൽ പ്രവേശനം നേടുക എന്ന ലക്ഷ്യം ഉള്ളിൽ തീവ്രമായി കൊണ്ടുനടക്കുന്ന കുട്ടികളും രക്ഷിതാക്കളും.

ഈയടുത്തു തന്നെയാണ് സുബിദിനെ പരിചയപ്പെടുന്നത്. എടപ്പാളിൽ വെച്ചു നടന്ന ജൈവ കർഷക സംഗമത്തിൽ വെച്ച്. അവിടെ 'കേരളീയം' മാസിക പ്രചരിപ്പിക്കാൻ സുബിദ്. അതിനിടയിൽ അയാൾ കൗതുകകരമായ കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു. സാധാരണ പാഴ്വസ്തുക്കൾ കൊണ്ട് അതിശയിപ്പിക്കുന്ന കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്ന സുബിദ് അധികം സംസാരിക്കുന്നില്ല. ലളിതമായ വേഷം. കാലിൽ ചെരിപ്പില്ല. വളരെ സൗമ്യമായി വിനയഭാവത്തിൽ കൈകൂപ്പി നിൽക്കുന്നൊരു ശരീരഭാഷ.

ലിറ്റിൽ മാസിക ആളുകളെ പരിചയപ്പെടുത്താനും വിൽപ്പന നടത്താനും സുബിദ് സഹായിച്ചു. പിന്നീടാണ് ഞാൻ മനസ്സിലാക്കുന്നത് സുബിദ് ഡൽഹി ഐ.ഐ.ടിയിൽ നിന്ന് പ്രൊഡക്ട് ഡിസൈനിംഗിൽ ബിരുദാനന്തര ബിരുദമെടുത്തയാളാണെന്ന്! അങ്ങനെയുള്ള ഒരാളാണ് പീപ്പിയും പാവയും തൊപ്പിയുമൊക്കെ ഉണ്ടാക്കി നാടുചുറ്റി കുട്ടികളെ പഠിപ്പിച്ച് നടക്കുന്നത്. അമ്പരപ്പാണ് തോന്നിയത്! ഐ.ഐ.ടിയിലേക്ക് പ്രവേശനം കിട്ടാൻ എന്തു ത്യാഗത്തിനും തയ്യാറാകുന്ന വലിയൊരു കൂട്ടത്തെ കണ്ട എന്റെ കണ്ണുകൾ അതിൽ നിന്നെല്ലാം വിടുതൽ നേടിയ ഒരു ചെറുപ്പക്കാരനെ എങ്ങനെയായിരിക്കും നോക്കുക!

എടപ്പാളിലെ കർഷക സംഗമത്തിൽ വെച്ചുതന്നെയാണ് തൃശ്ശൂർ മുപ്ലിയത്തുള്ള ടിബിനെ കണ്ടുമുട്ടിയതും. ഡൽഹിയിൽ ഐ.ടി മേഖലയിൽ ജോലി ചെയ്ത ടിബിൻ അതെല്ലാമുപേക്ഷിച്ച് നേരെ ചെന്നിറങ്ങിയത് നെൽപ്പാടത്തേക്കാണ്. ധാബോൽക്കറുടെ സീറോ ബഡ്ജറ്റ് ഫാമിംഗിനെ കുറിച്ചുള്ള ക്ലാസ് കേട്ട ടിബിൻ ആത്മവിശ്വാസത്തോടെ നെൽകൃഷിയിലേക്കിറങ്ങുകയായിരുന്നു. ഇപ്പോൾ പാട്ടത്തിനെടുത്ത വയലിൽ കൂട്ടുകാരുമൊത്ത് കൃഷി ചെയ്ത് വൻതോതിൽ ഗുണമേന്മയുള്ള ജൈവ അരി വിപണിയിലെത്തിക്കാൻ പറ്റുന്ന കൃഷിക്കാരനായി മാറിയിരിക്കുന്നു. സാമ്പത്തിക നേട്ടത്തോടൊപ്പം മനസ്സിന് സുഖവും സംതൃപ്തിയും തരുന്നുണ്ട് ഈ തൊഴിലെന്ന് കീബോർഡും മൗസും വിരൽത്തുമ്പു കൊണ്ട് നിയന്ത്രിച്ച പരിചയവുമായി താരതമ്യം ചെയ്ത് അഭിമാനത്തോടെ ടിബിൻ പറയുന്നു.

നിലമ്പൂരിലെ മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ഗ്രാമമായ അരുവാക്കോട് ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയ ജിനൻ ഡിസൈനിംഗിൽ എഞ്ചിനീയറിംഗ് ബിരുദമുള്ളയാളാണ്. എഞ്ചിനീയറിംഗ് ജോലി ഉപേക്ഷിച്ചാണ് ജിനൻ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കൊപ്പം കഴിയുന്നത്.

പച്ചക്കറി വ്യാപാരം ചെയ്യുന്ന ഐ.ഐ.എം ബിരുദധാരിയെ കുറിച്ചുള്ള ലേഖനം ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്നത് ഓർക്കുന്നു.

മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടാൻ ദൃഢപ്രതിജ്ഞയെടുത്ത് അഹോരാത്രം അദ്ധ്വാനിച്ച്, പണ ചിലവഴിച്ച് ഇന്ന് കുട്ടികൾ എത്തിച്ചേരാൻ അഭിലഷിക്കുന്ന ഉന്നതപീഠങ്ങളിൽ നിന്നാണ് സർവ്വവും ഉപേക്ഷിച്ച് നിത്യസാധാരണമായ ജീവിത വ്യവഹാരങ്ങളിലേക്ക് മേൽ പരാമർശിച്ച തരത്തിൽ ആളുകൾ മടങ്ങിയെത്തുന്നത്. പലതും നേടിയിട്ടും, ഒന്നും നേടിയിട്ടില്ലെന്ന തിരിച്ചറിവിലൂടെ സ്വാസ്ഥ്യത്തിലേക്കുള്ള മടക്കം.

നമ്മുടെ കുട്ടികളെ ചെറുപ്പം മുതലേ ഭൗതിക നേട്ടങ്ങൾ ലക്ഷ്യം വെച്ച് കരിയറിസ്റ്റുകളായി മാറാൻ പ്രേരണയും പ്രലോഭനങ്ങളും നൽകിക്കൊണ്ടേയിരിക്കുകയാണ് ഇന്നു സമൂഹം. ഇതേ സമൂഹത്തിൽ വളർന്നവർ തന്നെയാണ് ഈ വിധം പരിവർത്തനപ്പെടുന്നതെന്നും ആലോചിച്ചു നോക്കുക. ഭൂമി വെട്ടിപ്പിടിച്ച് തുണ്ടം തുണ്ടമാക്കി മൂലധന സമാഹരണം നടത്തുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളും മനുഷ്യനെ തുണ്ടം തുണ്ടമാക്കുന്ന ക്വട്ടേഷൻ സംഘങ്ങളും എന്തും പണം കൊടുത്താൽ കിട്ടുമെന്ന പുത്തൻ വിപണിയുടെ ധാർഷ്ട്യവും തഴച്ചുവളരുന്ന കേരളീയ സാമൂഹ്യ പരിസരത്ത് തന്നെയാണ് കൃഷിഭൂമി തിരിച്ചുപിടിച്ചും സൂര്യചന്ദ്രൻമാരെയും ഋതുഭേദങ്ങളെയും അറിഞ്ഞ്, മണ്ണിനെയും സർവ്വ ജീവികുലത്തെയും ആദരിച്ച് അഹിംസയും സ്നേഹവും വിശുദ്ധിയും മുറുകെപ്പിടിച്ച് ഒരു കൂട്ടം നന്മയുള്ള മനുഷ്യർ നവ കാർഷിക സമൂഹമായി നിശ്ശബ്ദരായി പ്രവർത്തിക്കുന്നത്.

സർവ്വവും വെട്ടിപ്പിടിച്ച് ഭീമൻ കൊട്ടാരങ്ങളും സാമ്രാജ്യങ്ങളും പണിതുയർത്തുന്ന ചക്രവർത്തിമാരെ കുറിച്ച് പറയുന്ന കൂട്ടത്തിൽ തന്നെയാണല്ലോ ഭൗതിക സുഖങ്ങൾ ഉപേക്ഷിച്ച് കൊട്ടാരം വിട്ടിറങ്ങി ബുദ്ധത്വത്തിലേക്ക് സഞ്ചരിച്ച സിദ്ധാർത്ഥനെക്കുറിച്ചും ചരിത്രം പറയുന്നത്!!



## കവിതയിലയാൾ

എം.പി. പ്രതീഷ്

അയാൾ ഒരു പശുവിനെ അഴിച്ച് കവിതയിൽ കെട്ടുകയാണ്. പശു പുല്ലു തിന്നുകയായിരുന്നു. വയലിലായിരുന്നു. അതിന്റെ കണ്ണിനു ചുറ്റും പാറുന്ന ഈച്ചകൾ. അതിന്റെ മുതുകത്ത് കൊത്തുന്ന പക്ഷി. അതിനെ കെട്ടിയിട്ടു തീറ്റിക്കുന്ന മനുഷ്യൻ. അത് മേയുന്ന ഭൂമി. അതിന്റെ ആകാശം. അതിന്റെ അയവെട്ടൽ. അതിന്റെ ചാണകത്തിലെ പ്രാണികൾ. അതിന്റെ ബോധം/അബോധം. അതിന്റെ കരുണ. അതിന്റെ ദു:ഖം. അതിന്റെ ശബ്ദമില്ലായ്മ. ഭാഷയില്ലായ്ക. അതിന്റെ കുളമ്പുകൾ. അതിന്റെ കയർ. അത് വന്ന പാതകൾ. അതിന്റെ ഋതുക്കൾ. അതിന്റെ ചരിത്രം. അതിന്റെ വർത്തമാനം. അതിന്റെ അമറൽ. അതിന്റെ കലഹം. അതിന്റെ പ്രണയം. അതിന്റെ ചലനം. അതിന്റെ അസ്വാതന്ത്ര്യം. അതിന്റെ ദർശനം. അതിന്റെ ആത്മീയത. അതിന്റെ മരണം. അതിന്റെ കാഴ്ച. അതിന്റെ മണങ്ങൾ. അതുകൊള്ളുന്ന പ്രകാശം. വെള്ളം. അതിന്റെ തണൽ- അയാൾ കവിതയിലൊരു പശുവിനെ കെട്ടുമ്പോൾ പശുവിനോടൊപ്പം മനുഷ്യരെ, ലോകത്തെ, സംസ്കാരത്തെ, ചരിത്രത്തെ, ആത്മീയതയെ ഒക്കെ കെട്ടുന്നു. ജീവിതത്തെ കെട്ടുന്നു. നമ്മളതിനെ ജയശീലന്റെ കവിതകൾ എന്നും അയാളെ കെ.എ. ജയശീലൻ എന്നും വായിക്കുന്നു.

### കാഴ്ച





നല്ല കാര്യങ്ങൾ ഏറ്റവും സമീപത്തു തന്നെ ഉള്ളവയാണ്. ശ്വാസം, നിങ്ങളുടെ കണ്ണുകളിൽ പതിക്കുന്ന പ്രകാശം, കാലടികളിൽ വീണുകിടക്കുന്ന പൂക്കൾ, കയ്യിലുള്ള ചുമതലകൾ, തൊട്ടുമുന്നിലെ പാതകൾ...എല്ലാം നമ്മുടെ ചാരത്തുതന്നെയുള്ളവ തന്നെ. ജീവിതത്തിലെ ലളിതവും സാധാരണവുമായ കാര്യങ്ങളെ അതിന്റെ സ്വാഭാവികതയോടെ ചെയ്താൽ മതി. അന്നന്നുള്ള കാര്യങ്ങളും അന്നന്നുള്ള അപ്പവും തന്നെയാണ് ജീവിതത്തിലെ ഏറ്റവും മധുരതരമായത്.

-റോബർട്ട് ലൂയിസ് സ്റ്റീവൻസൻ

## ചീരകൃഷി ചെയ്യുമ്പോൾ ഓർമ്മിക്കേണ്ട കാര്യം

പി.പി. സുരേഷ്കുമാർ

ചീരവിത്തിനോടുള്ള ബഹുമാനം കൊണ്ടല്ല നല്ല ചീരക്കറി കഴിക്കാമെന്ന ചിന്തകൊണ്ടാണ് നാം വിത്ത് പാവുന്നത്. ചീരവിത്തിന്റെ നിയോഗം ചെടിയായി മാറി വിത്തുൽപാദനം നടത്തി തലമുറകളുടെ തുടർച്ചയ്ക്ക് വഴിയൊരുക്കുക എന്നതാണ്. അതിനിടയിൽ അതിന്റെ ഇലയും തണ്ടും ആവശ്യക്കാർക്ക് ബലി കൊടുക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിലും തുടർച്ച നിലനിൽക്കും. നമ്മുടെ ജീവിതത്തിന്റെ സ്ഥിതിയും മറ്റൊന്നല്ല. വംശവർദ്ധനവിന് മാത്രം സഹായിച്ച് ജീവിതം ഒടുക്കാൻ നമുക്കാവും. എന്നാൽ മറ്റുള്ളവരെ സഹായിച്ച് മുന്നോട്ടുപോകുമ്പോൾ ജീവിതം ഉപകാരപ്രദം കൂടിയാകുന്നു.

## ദൂരകക്കണ്ണ്

സുകേതു

പുസ്തകം എഴുത്ത് വായന ഇതുമൂന്നും സമാധാനത്തിന്റെ നേർവഴികളാണ്. അറിയൽ തിരിച്ചറിയലാകുന്നതും കാഴ്ച ഉൾക്കാഴ്ചയാകുന്നതും ഈ വഴി കടന്നുപോകുമ്പോഴാണ്. ഇതിന്റെ ഏഴയലത്തെത്തില്ല കമ്പ്യൂട്ടർ. അതിൽ അകക്കണ്ണില്ലെന്നു മാത്രമല്ല ഉള്ള കണ്ണും പൊട്ടിപ്പോകും!



## തലച്ചോറിലെ രക്തപ്രവാഹം വർദ്ധിക്കും നാട്ടുകാരെയും പറ്റിക്കും

ജോൺസി മറ്റത്തിൽ

*മുഖ്യധാരാ മാധ്യമങ്ങളുടെ കൂറ് പരസ്യദാതാക്കളോട്?*

തെറ്റായ പരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിച്ചതിന് ഇന്ദുലേഖ, ധാത്രി, ശ്രീധരീയം തുടങ്ങിയ ആയുർവേദ കമ്പനികളുടെ ഉല്പന്നങ്ങൾ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ പിടിച്ചെടുത്ത വാർത്ത മറച്ചുവെച്ച് കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ ഒരിക്കൽക്കൂടി പരസ്യദാതാക്കളോട് കൂറുകാണിച്ചിരിക്കുന്നു. ശ്രീധരീയം സ്മാർട്ട് ലീൻ, ഇന്ദുലേഖ ഗോൾഡ് ഹെയർ കെയർ ഓയിൽ, ധാത്രി ഫെയർ ക്രീം, ധാത്രി ഹെയർ ഓയിൽ എന്നീ പേരുകളിൽ നാളുകളായി ഈ കമ്പനികൾ നാട്ടുകാരെ പറ്റിക്കുകയാണ് എന്ന സത്യം പുറത്തുവന്നിട്ടും മാലോകരിലേക്ക് ആ പരസ്യങ്ങൾ എത്തിച്ച മാധ്യമങ്ങൾ മൗനം ഭജിച്ചു. കമ്പനികളുടെ അവകാശവാദങ്ങൾ വ്യാജമാണെന്നും സർക്കാർ ലൈസൻസ് നൽകിയ ഉൽപന്നങ്ങൾ അല്ല ഈ കമ്പനികൾ വിപണിയിൽ ഇറക്കിയതെന്നും റെയ്ഡിൽ കണ്ടെത്തിയിരുന്നു. തുടർന്ന് അമ്പതുലക്ഷത്തോളം രൂപയുടെ ഉല്പന്നങ്ങളാണ് ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ പിടിച്ചെടുത്തത്. ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ട് പ്രകാരം വ്യാജപരസ്യം നൽകിയതിനും മിസ് ബ്രാന്റിംഗ് നടത്തിയതിനും ഉപഭോക്താക്കളെ വഞ്ചിച്ചതിനും കമ്പനികൾക്കെതിരെ കേസെടുത്തിട്ടുണ്ട്. പക്ഷേ, ആരാണ് അപ്പോൾ രക്ഷപ്പെട്ടത്? ആരാണോ ഈ പരസ്യങ്ങൾ വീറോടെ വിളമ്പിയത് അവർ പൊടിയും തട്ടി നടന്നുപോകുന്നു. പരസ്യം വ്യാജമാണോ അല്ലയോ എന്ന് പരിശോധിക്കാതെ, വാർത്തകൾ കൊന്നൊടുക്കി കൊടുക്കുന്ന ന്യൂസ് ഡസ്കുകൾ രക്ഷപ്പെടുന്നു.

# ചെറുമാദ്ധ്യമങ്ങൾ

**പി. സായ്നാഥ്**



**സർക്കുലേഷന് പരിമിതികളുണ്ടെങ്കിലും ചെറുമാധ്യമങ്ങൾ സൃഷ്ടിക്കുന്ന പ്രതിഫലനങ്ങൾ വളരെ വലുതായിരിക്കും**

*ചെറുമാധ്യമങ്ങളുടെ പ്രധാന റോൾ അവർ മുഖ്യധാരാ മാധ്യമങ്ങൾക്ക് മാതൃക സൃഷ്ടിക്കുന്നു എന്നതാണ്. ചെറുമാസികകളിൽ നിന്നാണ് മുഖ്യധാരാ മാധ്യമങ്ങൾ പലപ്പോഴും വിഷയങ്ങൾ സ്വീകരിക്കാറുള്ളത്. ചെറുമാസികകൾ കാണിച്ചുകൊടുക്കുന്ന വഴിയിലൂടെയാണ് മുഖ്യധാരാ മാധ്യമങ്ങൾ പിന്നീട് അവരുടെ സാധ്യതകൾക്കനുസരിച്ച് ഏറെ മുന്നോട്ടുപോകുന്നത.*

ഈ മാധ്യമ-കോർപ്പറേറ്റ് ബന്ധത്തെ ഒറ്റ രാത്രികൊണ്ട് നിങ്ങൾക്ക് തകർക്കാൻ കഴിയില്ല. നിലവിലുള്ള മാധ്യമങ്ങളെ ആശ്രയിച്ചുകൊണ്ടും പൊളിച്ചെഴുത്ത് സാധ്യമല്ല. പൗരൻ എന്ന നിലയിലും മാധ്യമപ്രവർത്തകൻ എന്ന നിലയിലുമുള്ള കടമകൾ ഒരേപോലെ നിർവ്വഹിക്കാൻ തയ്യാറായാൽ സാധ്യതകളുണ്ട്. ചെറുമാധ്യമങ്ങളുടെ പ്രസക്തി അവിടെയാണ്. സർക്കുലേഷന് പരിമിതികളുണ്ടെങ്കിലും ചെറുമാധ്യമങ്ങൾ സൃഷ്ടിക്കുന്ന പ്രതിഫലനങ്ങൾ വളരെ വലുതായിരിക്കും. ഉത്തരവാദിത്തത്തിന്റെയും വിശ്വാസ്യതയുടെയും ഫലത്തിന്റെയും അടിസ്ഥാനത്തിൽ ചെറുമാധ്യമങ്ങൾ ഏറെ വലുതായിത്തീരുന്നു. ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയാണ് ഇന്ത്യയിലെ മികച്ച ഉദാഹരണം. ടൈംസ് ഓഫ് ഇന്ത്യയ്ക്കുള്ള സർക്കുലേഷൻ അവർക്കില്ല. പക്ഷേ ഉള്ളടക്കത്തിന്റെ കരുത്തിലൂടെ അവർ സൃഷ്ടിച്ചെടുത്ത വ്യാപ്തി അളക്കാൻ കഴിയുന്നതിനുമപ്പുറമാണ്. ഇന്ത്യ ഇതുവരെ കണ്ടിട്ടുള്ള ഏറ്റവും മികച്ച മാധ്യമപ്രവർത്തകൻ മാഹാത്മാഗാന്ധിയാണ്. മൂന്ന് പത്രങ്ങൾ നടത്തിയ അദ്ദേഹം ഏറെക്കാലം പത്രപ്രവർത്തകനായിരുന്നു. ഉയർന്ന രീതിയിലുള്ള ധനസമ്പാദനം സാധ്യമായിരുന്ന ബാരിസ്റ്റർ പണി ഉപേക്ഷിച്ച് അദ്ദേഹം ജീവിതമാർഗ്ഗമായി സ്വീകരിച്ചത് പത്രപ്രവർത്തനമാണ്. ബ്രിട്ടീഷുകാർ പലപ്പോഴും തടസ്സപ്പെടുത്തിയിട്ടും വ്യത്യസ്ത സാഹചര്യങ്ങളിൽ, കടുത്ത പ്രതിസന്ധികളെ തരണം ചെയ്തും അദ്ദേഹം അത് തുടർന്നു. എന്നാൽ 3000 നും 5000 നും ഇടയിൽ കോപ്പികൾ മാത്രമായിരുന്നു എല്ലാ കാലത്തും അദ്ദേഹത്തിന്റെ സർക്കുലേഷൻ. എന്നിട്ടും ഗാന്ധിയുടെ മാധ്യമങ്ങൾ സൃഷ്ടിച്ചത്രയും പ്രതിഫലനങ്ങൾ അക്കാലത്ത് അതിലേറെ സർക്കുലേഷനുള്ള മാധ്യമങ്ങൾക്കൊന്നും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല.

ചെറുമാധ്യമങ്ങൾക്കും വലിയ സാധ്യതകളുണ്ടെന്ന് തെളിയിച്ച നാടാണ് നമ്മുടേത്. പൊതുസമൂഹം അത്തരം മാധ്യമങ്ങളുടെ ഉള്ളടക്കത്തെ സ്വീകരിക്കാൻ തയ്യാറായിരിക്കുന്നിടത്തോളം കാലം ചെറുമാധ്യമങ്ങൾക്ക് സാധ്യതകളുണ്ട്. താല്പര്യമുള്ളവരെ കണ്ടെത്തുകയും അവരിലേക്ക് എത്തിച്ചേരുകയും ചെയ്യുക എന്നതാണ് നിങ്ങളുടെ മുന്നിലുള്ള വെല്ലുവിളി. കോർപ്പറേറ്റ് മാധ്യമങ്ങളെ നേരിടാനുള്ള വഴി അതുമാത്രമാണ്.

എനിക്കുതന്നെയുണ്ട് അത്തരമൊരു അനുഭവം. കൗണ്ടർ മീഡിയ എന്നൊരു മാസിക 1986 ൽ ഞാൻ മുംബൈയിൽ നിന്നും ഇറക്കിയിരുന്നു. മുഖ്യധാരാ മാധ്യമങ്ങൾ അവഗണിക്കുന്ന ഉള്ളടക്കങ്ങൾക്ക് ഇടം നൽകുകയായിരുന്നു കൗണ്ടർമീഡിയയുടെ ലക്ഷ്യം. മാസിക വിജയമായിരുന്നെങ്കിലും എന്റെ ബാങ്ക് ബാലൻസ് ശൂന്യമായി. ഓരോ കോപ്പിക്കും 10 രൂപയായിരുന്നു നഷ്ടം. മാസിക പ്രിന്റ് ചെയ്തിരുന്നില്ല എന്നതുകൊണ്ടാണ് നഷ്ടം കുറഞ്ഞത്. ഓഫ്സെറ്റ് സെറോക്സ് കോപ്പിയാണ് ഞങ്ങൾ ഉപയോഗിച്ചത്. പ്രിന്റ് ചെയ്യുന്നതിന്റെ അതേ ഗുണമേന്മ ഓഫ്സെറ്റ് സെറോക്സ് കോപ്പിക്കുണ്ട്. അന്ന് അതൊരു പുതിയ ടെക്നോളജിയായിരുന്നു. ഇലക്ട്രോണിക് ടൈപ്പ് റൈറ്ററിൽ ടൈപ്പ് ചെയ്തെടുത്താണ് ഞങ്ങൾ ഓഫ്സെറ്റ് സെറോക്സ് കോപ്പി എടുക്കാറുള്ളത്. പ്രിന്റ് ചെയ്തതല്ല എന്ന് ഞങ്ങളുടെ മിക്ക വായനക്കാരും തിരിച്ചറിഞ്ഞിരുന്നില്ല. ചിലവ് കുറക്കാൻ കഴിയുന്ന രീതികൾ പരീക്ഷിച്ചുകൊണ്ട് മാത്രമെ ചെറുമാധ്യമങ്ങൾക്ക് പിടിച്ച് നിൽക്കാൻ കഴിയുന്നുള്ളൂ. എന്നിട്ടും കൗണ്ടർമീഡിയ നിലച്ചു. പക്ഷേ ഗുണപരമായ പല മാറ്റങ്ങളും ഞങ്ങൾക്ക് കൊണ്ടുവരാൻ കഴിഞ്ഞു. മാധ്യമ വിമർശനത്തിന്റെ കോളം ആദ്യം തുടങ്ങുന്ന മാസിക ഞങ്ങളുടേതായിരുന്നു. മുഖ്യധാരാ മാധ്യമങ്ങളുടെ കൊള്ളരുതായ്മകളെ ഞങ്ങൾ ആ പംക്തിയിലൂടെ രൂക്ഷമായി വിമർശിച്ചു. വായനക്കാരെ ഏറെ ആകർഷിച്ച പംക്തിയായിരുന്നു അത്. ആ പംക്തി ഭീഷണിയാകുമെന്ന് തിരിച്ചറിഞ്ഞ ശേഷമാണ് പല മുഖ്യധാരാ മാധ്യമങ്ങളിൽ എഴുതി തുടങ്ങുന്നത് ഞങ്ങൾക്ക് ശേഷമാണ്.

ചെറുമാധ്യമങ്ങളുടെ മറ്റൊരു പ്രധാന റോൾ അതാണ്. അവർ മുഖ്യധാരാ മാധ്യമങ്ങൾക്ക് മാതൃക സൃഷ്ടിക്കുന്നു. ചെറുമാസികകളിൽ നിന്നാണ് മുഖ്യധാരാ മാധ്യമങ്ങൾ പലപ്പോഴും വിഷയങ്ങൾ സ്വീകരിക്കാറുള്ളത്. ചെറുമാസികകൾ കാണിച്ചുകൊടുക്കുന്ന വഴിയിലൂടെയാണ് മുഖ്യധാരാ മാധ്യമങ്ങൾ പിന്നീട് അവരുടെ സാധ്യതകൾക്കനുസരിച്ച് ഏറെ മുന്നോട്ടുപോകുന്നത്.

**(2012 ഏപ്രിൽ കേരളീയം)**

## മലിനീകരണം പച്ചക്കറികളിൽ

നഗരങ്ങളിൽ പച്ചക്കറി കൃഷിക്ക് വേണ്ടി മലിനജലം ജലസേചനത്തിന് വ്യാപകമായി ഉപയോഗിക്കാറുണ്ട്. ഈറോസൽ പോലുള്ള അന്തരീക്ഷ മാലിന്യങ്ങളും നഗരങ്ങളിലെ പച്ചക്കറി കൃഷിയുടെ അന്തകനാണ്. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിലാണ് നഗരത്തിലെ മോശപ്പെട്ട സാഹചര്യത്തിൽ കൃഷിചെയ്തുണ്ടാക്കുന്ന പച്ചക്കറി വിഭവങ്ങളിൽ ലോഹമാലിന്യങ്ങൾ ക്രമാതീതമായ അളവിൽ കാണപ്പെടുന്നതായി വെളിപ്പെട്ടത്. 1954 ലെ ഭക്ഷണത്തിലെ മായം ചേർക്കൽ നിയന്ത്രണ നിയമത്തിൽ നിഷ്കർഷിച്ചതിലും കൂടുതൽ അളവിലാണ് കണ്ടെത്തിയ മാലിന്യങ്ങളുടെ അളവ്.



# എവിടെ മീനുകൾ

**ജയപ്രകാശ് നിലമ്പൂർ**

മുയ്യ്, ബ്രാൽ, കണ്ണാചുട്ടി, കോട്ടി, ചെള്ളി, പരൽ, മൻഞ്ഞിൽ, കുയിൽ, അരണ, കരിന്തല, പൂസാൻ.... സമ്പന്നമായിരുന്നു കേരളീയ ജലാശയങ്ങളിലെയും തോടുകളിലെയും മത്സ്യസമ്പത്ത്. എന്നാലിന്ന് മിക്ക വയും അപൂർവ്വമായിരിക്കുന്നു. ആവാസ വ്യവസ്ഥ കളുടെ നാശവും, തോട്ട പൊട്ടിക്കലും, വിഷം കലക്ക ലും, പുഴകളിൽ കലരുന്ന കീട-കളനാശിനികളും മലി നീകരണവും അമിതമായ മണൽവാരലും എല്ലാം ചേർന്ന് ഒരു കാലത്ത് ഗ്രാമീണരുടെ മികച്ച ഭക്ഷണ മായിരുന്ന ശുദ്ധജല മത്സ്യസമ്പത്ത് പൂർണ്ണനാശ ത്തിന്റെ വക്കിലാണ്. സർക്കാർ മുൻകയ്യിൽ രോഹു, കട്ല, മൃഗാല എന്നീ വളർത്തു മത്സ്യക്കുഞ്ഞുങ്ങളെ ലക്ഷക്കണക്കിന് യാതൊരു തത്വദീക്ഷയുമില്ലാതെ പുഴ കളിൽ നിക്ഷേപിക്കുന്നതും പ്രാദേശിക മത്സ്യസമ്പ ത്തിന് കനത്ത നാശമാണ് വരുത്തിവെയ്ക്കുന്നത്.

മീൻ കടലിൽ നിന്നെത്തി അങ്ങാടിയിൽ പോയി വാങ്ങേണ്ട വിഭവമായ പുത്തൻ കാലത്ത് പുതുതലമു റയ്ക്ക് മീൻ പിടിത്തമൊക്കെ ഔട്ട് ഓഫ് ഫാഷനായി രിക്കുന്നു. പിന്നെയുള്ളത് ചില്ലുകൂട്ടിലെ അലങ്കാരമ ത്സ്യങ്ങളെ വളർത്തലാണ്. എന്നാൽ പുതുമഴ പെയ്താൽ വലയുമായി പുഴയിലെത്തുന്ന മുൻ തല മുറ ഇപ്പോഴും കുറേയൊക്കെ ബാക്കിയുണ്ട്. പക്ഷേ മീൻ കിട്ടാനില്ലെന്നത് തോട്ട പൊട്ടിക്കലിലേക്കും വിഷം കലക്കലിലേക്കും ഇവരേയും നയിക്കുന്നു. പുഴ മത്സ്യ ത്തിന്റെ സ്വാദറിഞ്ഞവർ പോലും പുഴ മത്സ്യ സംര ക്ഷണത്തിനോ പുഴ സംരക്ഷണത്തിനോ വേണ്ടി ഒന്നും ചെയ്യുന്നില്ല.

ഇപ്പോൾ എല്ലാവർക്കും മുള്ളുള്ള മീനിനേക്കാൾ പഥ്യം ഒട്ടും മുള്ളില്ലാത്ത ഇറച്ചിമീനുകളാണ്. എന്നാൽ ഇത്തരമൊരു രീതി പ്രചാരത്തിലായത് കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മീൻ വർഗ്ഗത്തിലല്ലാത്ത മറ്റു ജീവിക ളുടെ മാംസം കഷ്ണങ്ങളാക്കി ഇറച്ചിമീനെന്ന പേരിൽ വിൽക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇറച്ചിമീനുകൾ വിൽക്കുന്നവർ വിളിച്ചുപറയുന്ന പേരിൽ ആകൃഷ്ട രായി മീൻ വർഗ്ഗത്തിൽ പെടാത്ത പല ജീവികളേയും മുന്തിയ മീനെന്ന പേരിൽ പലരും അകത്താക്കുന്നു. യഥാർത്ഥ മീനിന്റെ സ്വാദ് പോലും അറിയാത്തവരാ കുകയാണ് പുത്തൻ ജനത. മസാല കൂട്ടുകളിലും ബ്രോസ്റ്റുകളിലും ആനന്ദം കണ്ടെത്തുന്നവർ യഥാർത്ഥ സ്വാദ് അറിയാതെയാവുന്നു.

കടലിൽ നിന്ന് പ്രജനന കാലത്ത് പുഴകളുടെ മേൽത്തടങ്ങളിൽ പോലുമെത്തി മുട്ടയിട്ട് കുഞ്ഞു ങ്ങളെ ഉൽപാദിപ്പിച്ച് കടലിലേക്ക് മടങ്ങുന്ന ഈൽ വർഗ്ഗത്തിൽപെട്ട മൻഞ്ഞിൽ എന്ന മീൻ കാഴ്ചയിൽ പാമ്പിനെപ്പോലെയാണ്. ചെകിളപ്പൂക്കൾ കണ്ടാണ് ഇതിനെ പെട്ടെന്ന് തിരിച്ചറിയാൻ പറ്റുക. ചാലിയാ റിലും കടലുണ്ടി പുഴയിലും ഏറ്റവും സാധാരണമാ യിരുന്ന ഈ മത്സ്യം ചാലിയാറിൽ കവണക്കല്ല് റഗു ലേറ്റർ കം ബ്രിഡ്ജ് സ്ഥാപിച്ചതോടെ നാമാവശേഷമാ യിരിക്കുകയാണ്. കടലിൽ നിന്ന് പുഴയുടെ മേൽ തട ങ്ങളിലേക്കും തിരിച്ചുമുള്ള യാത്ര തടസ്സപ്പെട്ടതോടെ ഇവയുടെ നിലനിൽപ്പ് ഭീഷണി ചാലിയാറിന്റെ ജലപ രിസ്ഥിതിയിൽ വരുത്തുന്ന മാറ്റം എന്താവാം? സാൽമൺ മത്സ്യങ്ങളെ സംരക്ഷിക്കാനായി കോള റാഡോ നദിയിലെ ആറ് വൻകിട അണക്കെട്ടുകൾ പൊളിച്ചുകളഞ്ഞത് ദീർഘകാലത്തെ പഠനശേഷം ഈ മത്സ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞായിരുന്നു. നമ്മുടെ പുഴകളിൽ അത്തരം പഠനങ്ങൾ എന്നു നടക്കും?

വൻകിട ഹോട്ടലുകളിൽ രുചികരമായ മത്സ്യവിഭവ ങ്ങളായി തീൻമേശകളിൽ നിറയുന്നത് കൃത്രിമമായി വളർത്തിയെടുക്കുന്ന മത്സ്യ ഇനങ്ങളാണ്. ബ്രോസ്റ്റിന്റെ പിൻബലത്തോടെ വിലയേറിയ വിഭവങ്ങ ളായവ കോഴിപാർട്സും വേസ്റ്റും നൽകി വളർത്തി യെടുക്കുന്ന മുഷി പോലുള്ള ഇനങ്ങളാണെന്ന് വിദ്യാ സമ്പന്നരായവർ ഒരിക്കലും അറിയാറുമില്ല.

*പുഴയിലെ ഒരു നാട്ടുമീൻ അപ്രത്യക്ഷമാ യാൽ അത് പുഴയുടെ മരണത്തിന്റെ സൂച നയാണ്. പുഴയെന്നാൽ വെറുമൊരു നീരൊ ഴുക്കല്ലല്ലോ.*

ഗ്രീൻ ഫയൽ

## ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കരുതേ!

നാട്ടിലെ സമയകൃത്യതയുള്ള ഏകസംവിധാനമായി രുന്നു ലോഡ് ഷെഡ്ഡിംഗ്. ടെലിവിഷനിലെ കരാള സീരി യലുകളിൽ നിന്ന് മുക്തരായി വീട്ടിലുള്ളവർ എന്തെ ങ്കിലുമൊക്കെ ഹൃദയം തുറന്ന് സംസാരിച്ചിരുന്ന അവ സരമാണിപ്പോൾ രാഷ്ട്രീയലക്ഷ്യമുള്ള ഈ ലോഡ് ഷെഡ്ഡിംഗ് അവസാനിപ്പിക്കൽ വഴി ഇല്ലാതായത്. വീട്ടി നുള്ളിൽ വ്യക്തിബന്ധം ഊഷ്മളമാവാൻ ഉതകുന്ന തരത്തിൽ എല്ലാ ദിവസവും വൈകീട്ട് 7 മുതൽ 8.30 വരെ വീടുകളിൽ ലോഡ്ഷെഡ്ഡിംഗ് ഉടനെ പുനരാരം ഭിക്കണം എന്നാണ് ഹരിതവിചാരത്തിന് പറയാനുള്ളത്. അതുവഴി ലഭിക്കുന്ന ഉപകാരം പലതാണ്. പണത്തേ ക്കാൾ ഏറെ മൂല്യമുള്ളവ.

## പശ്ചിമഘട്ടം സംരക്ഷിക്കപ്പെടണം

പശ്ചിമഘട്ട മലനിരകളുടെ അവശേഷിക്കുന്ന ഹരിത സമൃദ്ധി നന്നായി സംരക്ഷിക്കാൻ പര്യാപ്തമാണ് മാധവ് ഗാഡ്ഗിൽ കമ്മറ്റിയുടെ കഴിഞ്ഞ ദിവസം പരി സ്ഥിതി മന്ത്രാലയം പുറത്തുവിട്ട പഠനറിപ്പോർട്ട്. ഭൂമി യിലെ ഏറ്റവും ജൈവസമ്പന്നമായ മലനിരകളിലൊ ന്നായ ഗുജറാത്ത് മുതൽ കന്യാകുമാരിക്കടുത്തുവരെ 1600 കിലോമീറ്റർ നീളത്തിൽ ഭാരതത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന പശ്ചിമഘട്ടത്തിൽ ബാക്കിയുള്ള ആവാസവ്യവസ്ഥകൾ നന്നായി പരിപാലിക്കാനുള്ള ഒട്ടേറെ നിർദേശങ്ങളുമായാണ് റിപ്പോർട്ട് തയ്യാറാക്കിയി ട്ടുള്ളത്. 50 വർഷത്തിലേറെ പഴക്കമുള്ള ഡാമുകളെല്ലാം ഡീകമ്മീഷൻ ചെയ്യണമെന്ന ധീരമായ നിർദേശവും റിപ്പോർട്ടിലുണ്ട്. ഭാരതത്തിന്റെ പൈതൃകം കാത്തുസൂ ക്ഷിക്കാൻ ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് ഉടൻ അംഗീക രിച്ച് നടപ്പിലാക്കണമെന്ന് എല്ലാവരും കേന്ദ്രസർക്കാരി നോട് ആവശ്യപ്പെടുക.

## മൂൺസ് ചന്ദ്രൻ അനുസ്മരണവും പെരുമഴക്യാമ്പും

**പ്രശസ്ത പരിസ്ഥിതി സാമൂഹ്യ പ്രവർത്തകനായിരുന്ന മൂൺസ് ചന്ദ്രൻ അനുസ്മരണവും പെരുമഴ ക്യാമ്പും 2012 ജൂലൈ 7,8 തിയ്യതികളിൽ നിലമ്പൂർ പനയം കോട് വനത്തിൽ പ്രവർത്തിക്കുന്ന ചന്ദ്രകാന്തം പരി സ്ഥിതി കേന്ദ്രത്തിൽ വെച്ച് നടക്കുന്നു. പങ്കെടുക്കു വാൻ താല്പര്യമുള്ളവർ രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 94 97 62 70 53 എന്ന ഫോൺ നമ്പ റിൽ വിളിക്കണം.**

# വിശക്കുന്നവൻ ജാഗ്രതപുലർത്തുന്നു

*വയർ നിറയുമ്പോൾ ഏതൊരു ജീവിക്കും ആലസ്യം ബാധിക്കും. മനസ്സിന് ഉണർവ്വ് നഷ്ടപ്പെടും. ഒരു വേള ഉറക്കത്തിലേക്ക് വഴുതിവീഴും*

**ഡോ:ടി.പി.മെഹ്റൂഫ് രാജ്**


'വിശന്ന കിളി ധാന്യമണികളെ സ്വപ്നം കാണുന്നു; വിശപ്പു മാറിയ കിളി ഇണയെയും' എന്ന് ഇംഗ്ലീഷിലൊരു പഴഞ്ചൊല്ലുണ്ട്. പഴഞ്ചൊല്ലിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും അതിൽ നിന്ന് പ്രസരിക്കുന്ന സത്യം ഇന്നും പ്രസക്തമാണ്. ഇന്നൊരു പൊതുചർച്ചയുടെ വിഷയമായിത്തീർന്ന മലയാളിയുടെ സദാചാര അപചയത്തിന്റെ വേരുകൾ ഒരുപക്ഷേ ഈ ചൊല്ലിൽ കണ്ടെത്താനാവും. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശപ്പുള്ളവനല്ല മറിച്ച് ഒട്ടും വിശപ്പില്ലാതെ എപ്പോഴും വയർ നിറഞ്ഞിരിക്കുന്ന ഒരു ജനത സൃഷ്ടിക്കുന്നതല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

വയർ നിറയുമ്പോൾ ഏതൊരു ജീവിക്കും ആലസ്യം ബാധിക്കും. മനസ്സിന് ഉണർവ്വ് നഷ്ടപ്പെടും. ഒരു വേള ഉറക്കത്തിലേക്ക് വഴുതിവീഴും. ശരീരശാസ്ത്രപരമായി നോക്കിയാൽ ഈ പ്രതിഭാസത്തിന് ന്യായീകരണവുമുണ്ട്. നിറഞ്ഞുകവിഞ്ഞ ഈ ഭക്ഷണം ദഹിപ്പിക്കുന്നതിനായി ഉദരത്തിലേക്ക് കൂടുതൽ രക്തം ആവശ്യമായി വരുന്നു. ഇതാകട്ടെ തലച്ചോറിലേക്കും ഹൃദയത്തിലേക്കുമൊക്കെ പോകുന്ന രക്തത്തിൽ നിന്നാണ് കടമെടുക്കുന്നത്. അപ്പോൾ തലച്ചോറിന്റെയും ശരീരത്തിന്റെയും പ്രവർത്തനപരത കുറയുകയും വ്യക്തി അല്ലെങ്കിൽ മൃഗം അലസനായി മാറുകയും ചെയ്യുന്നു.

നേരെ മറിച്ച് വിശക്കുന്നവൻ കൂടുതൽ ജാഗ്രത പുലർത്തുകയാണ് ചെയ്യുന്നത്. ഏത് ജീവിയുടെ കാര്യത്തിലും ഈ തത്വം ബാധകമാണ്. ഒഴിഞ്ഞ വയറുള്ളവന്റെ തലച്ചോർ ഉണർവ്വിന്റെ അവസ്ഥയിലായിരിക്കും.

കവിയും കലാകാരനും സാഹിത്യകാരനും രാഷ്ട്രീയക്കാരനും ഒക്കെ താന്താങ്ങളുടെ പട്ടിണിക്കാലത്ത് നടത്തിയ മികച്ച സൃഷ്ടികളുടെ നിലവാരം പിൽകാലത്ത് സമ്പന്നതയിൽ അഭിരമിച്ചപ്പോൾ തുടരാനായിട്ടില്ല എന്നതാണ് വാസ്തവം.

*നേച്ചറൽ ഹൈജിൻ*



*സ്ക്വയറും റെക്ടാംഗിളും വളരെ അപൂർവ്വമായിരുന്നെങ്കിലും വൃത്തമാണ് കെട്ടിടനിർമ്മാണത്തിൽ പതിവായി ഉപയോഗിച്ചിരുന്നത്.ഏതെങ്കിലും ഒരു നിശ്ചിത പ്രദേശം അടച്ചുകെട്ടുന്ന ഭിത്തിയുടെ രൂപം വക്രമാണെങ്കിൽ നീളം കുറവും സ്ക്വയറോ റെക്ടാങ്കിളോ ആണെങ്കിൽ നീളം കൂടുതലുമായിരിക്കുമെന്ന രസകരമായ ഒരു ശാസ്ത്രീയമായ നിഗമനം ഉണ്ട്.ചിലവ് കുറയ്ക്കുന്നതിന്റെ ഒരു പ്രധാന ഘടകമാണിത്.*

*-ലാറി ബേക്കർ*

## വരിസംഖ്യ

## ലിറ്റിൽ മാസിക നില നിൽക്കുന്നത്...


*മാധ്യമപ്രവർത്തനം ഒരു ബിസിനസ്സ് സംരംഭം കൂടിയാണ് പലപ്പോഴും. പരസ്യങ്ങളുടെ ചിലവിലും ആശ്രയത്തിലും മാധ്യമ വ്യവസായം നില നിൽക്കുമ്പോൾ ചെറുമാധ്യമങ്ങളെങ്കിലും പരമാവധി പരസ്യദാതാക്കളെ ആശ്രയിക്കാതെ നില നിൽക്കേണ്ടതാണ്.അതിനാൽ ദയവായി ഇന്നു തന്നെ വരിസംഖ്യ അയച്ചു തരിക.*

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*

*അക്കൗണ്ട് നമ്പർ-ബിജു ജോൺ*

*0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)*


**പിപ്പാലച്ചോട്...** ശ്രീനി 2d





Rs.10/- Little Masika June 2012 2012 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12

# Little Masika

## journal of small things







Edited,Printed, Published and Owned by Biju John (Responsible for selection of news under the Dodo PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.